
Mar Gregorios Orthodox Maha Edavaka - Muscat

# Vineyard

PARISH BULLETIN

Edition 2021-2022 • Vol-01




പെരുന്നാൾ പതിപ്പോടു കൂടിയത്

• Articles • Tribute • Perunnal Suppliment
• Health Care • Ladies Corner • Kids Zone • News

# ആദരാഞ്ജലികൾ



## L.L. Moran Mar Baselios Marthoma Paulose II
**(Catholicos of the East & Malankara Metropolitan)**

*Inserted by:*

**Vicar, Managing Committee and Members**
**Mar Gregorios Orthodox Maha Edavaka - Muscat**

# Hearty Congratulations



## His Holiness Moran Mar
## Baselios Marthoma Mathews III

Catholicos of the East & Malankara Metropolitan
of Holy Apostolic Throne of Saint Thomas

**Vicar, Managing Committee and Members**
**Mar Gregorios Orthodox Maha Edavaka - Muscat**

# FAVOURS RECEIVED



**St. Geevarghese Mar Gregorios**
**(Parumala Thirumeni)**

**Inserted by**

Geevarghese Yohannan & Family

**Kuzhivila Puthen veedu,**
**Nellikkunnam, Kottarakkara**

## ഇതളുകളിൽ


- Message ............................... 7
- Tribute ............................ 8–13
- Timeline............................... 10
- Suppliment ................... 15–19
- Articles ........................ 16–17
- Health Care.......................... 21
- Ladies Corner ...................... 22
- Kids Zone....................... 23–24
- News.............................. 25–29



### PUBLICATION OFFICIALS

**PRESIDENT / VICAR**
Rev. Fr. Varghese Tiju Ipe

**HON. TRUSTEE**
Sabu Koshy

**HON. CO–TRUSTEE**
Koshy M. Tharakan

**HON. SECRETARY**
Nidhin Chirathilattu

**HON. ACTING SECRETARY**
Biju George

### VINEYARD COMMITTEE

**GENERAL CONVENOR**
Manoj Mathew

**EDITOR-IN-CHIEF**
Sam Philip

**EDITORIAL BOARD MEMBERS**
Thomas John
Biju John
Saji John
Anu Willson
Jincy Abraham

**EMAIL**
mgomevineyard@gmail.com

**ONLINE PUBLICATION**
www.mgomemuscat.com/vineyard




# കർത്താവേ അവരോട് ക്ഷമിക്കണമേ...

*"അവനോ മുട്ടുകുത്തി: കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ എന്നു ഉച്ചത്തിൽ നിലവിളിച്ചു. ഇതു പറഞ്ഞിട്ടു അവൻ നിദ്രപ്രാപിച്ചു"* – (അപ്പോ 7:60)

തനിക്കുമേൽ ആരോപിക്കപ്പെടുന്ന കുറ്റങ്ങളോ ശകാരവർഷങ്ങളോ നോക്കാതെ തന്റെ ദേഹത്ത പതിക്കുന്ന കല്ലുകളുടെ വലുപ്പത്തെ ഭയപ്പെടാതെ സ്തേഫാനോസ് സഹദ സ്വർഗത്തിലേക്ക് നോക്കി തന്റെ പിതാവാം ദൈവത്തോടും പുത്രനോടും നിലവിളിച്ച് പ്രാർത്ഥിക്കുന്നത്, യേശു തമ്പുരാൻ പ്രാർത്ഥിച്ചതുപോലെ കർത്താവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ എന്ന് ആണ്. കർത്താവായ യേശു ക്രിസ്തുവിനെപ്പോലെയും സ്തേഫാനോസ് സഹദയെപ്പോലെയും തന്റെ മേൽ വരുന്ന ആരോപണങ്ങളാലോ ലോകാപവാദങ്ങളാലോ വധശ്രമങ്ങളാലോ ചഞ്ചലപ്പെടാതെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ നാമത്തിൽ ഭൂമിയോളം ക്ഷമിച്ചുകൊണ്ട് മലങ്കര സഭയ്ക്കുമാത്രമല്ല ലോകത്തിനു തന്നെ ഒരു മാതൃകാ വിശുദ്ധനായി തീർന്നു പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ.

2021 ജൂലൈ 12–ന് മലങ്കര സഭയെ മാത്രമല്ല ലോകത്തിനെ ഒന്നാകെ തന്നെ കണ്ണീരിലാഴ്ത്തിക്കൊണ്ട് ആ പുണ്യാത്മാവ് ഇഹലോകവാസം വെടിഞ്ഞ് ദൈവ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. യാക്കോബ് ശ്ലീഹാ 1–ാം അദ്ധ്യായം 27–ാം വാക്യത്തിൽ രേഖപ്പെടുത്തിയത് ജീവിതത്തിൽ അന്വർത്ഥമാക്കിയ ഒരു പിതാവായിരുന്നു പരിശുദ്ധ ബാവ. 'പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു' (യാക്കോബ് 1:27). യാക്കോബ് ശ്ലീഹാ പറഞ്ഞതുപോലെ ശുദ്ധിയും നൈർമല്യവുമുള്ള ജീവിതം നയിക്കുകയും പാർശ്വവത്കരിക്കപ്പെട്ടവരെയും അശരണരെയും അനാഥരെയും വിധവമാരെയും തന്റെ ജീവിതാന്ത്യത്തോളം സ്നേഹവാൽസല്യത്തോടെ കരുതുകയും ചെയ്ത പിതാവായിരുന്നു പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ. വിശുദ്ധിയുടെ പര്യായമായിരുന്ന പിതാവിന്റെ കബറടക്ക ദിവസം പ്രകൃതി പോലും അനുകൂലമായി. മാനം തെളിഞ്ഞ് ലോകത്തിനൊന്നാകെ അന്തിമോപചാരം അർപ്പിക്കുവാൻ സാധിച്ചു. മലങ്കര സഭയുടെ പ്രിയ പിതാവിന്റെ തൃപ്പാദങ്ങളിൽ വിനെയാർഡ് പ്രസിദ്ധീകരണ സമിതിയുടെ പ്രാർഥനാപൂർവ്വമായ അശ്രുപുഷ്പങ്ങൾ സമർപ്പിക്കുന്നു.

നിലപാടുകളിൽ ഉറച്ചു നിന്നും ജീവകാരുണ്യ പ്രവർത്തികൾക്ക് മുൻതൂക്കം കൊടുത്തും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ഒരു പറ്റം പിതാക്കന്മാരാൽ സമ്പുഷ്ടമായി അനുഗ്രഹിക്കപ്പെട്ട സഭയാണ് മലങ്കര സഭ. 2021 സെപ്തംബർ 16–ാം തീയതിയിൽ കൂടിയ സുന്നഹദോസും ഒക്ടോബർ 14–നു കൂടിയ അസ്സോസിയേഷനും മലങ്കര സഭയുടെ നാഥനായി ഡോ. മാത്യൂസ് മാർ സേവേറിയോസ് പിതാവിനെ ഒരേ മനസ്സോടെ തിരഞ്ഞെടുത്തു. ഒന്നുമില്ലായ്മയിൽ നിന്നും ലോകത്തിനു തന്നെ മാതൃകയായി കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിനെ ഉയർത്തി കൊണ്ടു വന്ന പ്രധാന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഇനിയും കണ്ടനാട് വെസ്റ്റിന്റെ മാത്രം പിതാവല്ല. ആകമാന മലങ്കരസഭയുടെ നാഥനാണ് പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ ബാവ. കണ്ടനാട് വെസ്റ്റിന്റെ മാത്രമായിരുന്ന പ്രതീക്ഷ, പ്രശാന്തി, പ്രത്യാശ തുടങ്ങിയ 17 ജീവകാരുണ്യ പ്രസ്ഥാനങ്ങളിലൂടെയും വിധവമാരെയും അനാഥരെയും നിരാലംബരെയും ഉദ്ധരിച്ചതിലൂടെയും സൗജന്യമായ ആതുര സേവനത്തിലൂടെയും പാവപ്പെട്ട ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടും മനോദൗർബല്യമുള്ളവരിൽ സ്നേഹവാത്സല്യങ്ങൾ ചൊരിഞ്ഞുകൊണ്ടും സേവേറിയോസ് പിതാവ് ഇനിയും മലങ്കര സഭയുടെ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവയായി നീണാൾ വാഴട്ടെ. അധിനിവേശ ശക്തികൾക്ക് കീഴ്പ്പെടാതെ മലങ്കര സഭയെ ഔന്നത്യത്തിലേക്ക് നയിക്കുന്നതിന് സ്വർഗ്ഗത്തിലെ ദൈവംതമ്പുരാൻ കൂടുതൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞു കൊടുക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈ ഇടവകയുടെ 49–ാം പെരുനാൾ ദിനങ്ങളിൽ പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയം പ്രാപിക്കാം. പ. പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി അമ്പത്തിനാല് വർഷക്കാലം മാത്രമേ ഈ ലോകത്തിൽ ജീവിച്ചിരുന്നുള്ളുവെങ്കിലും അതിനുശേഷം നൂറ്റിപ്പത്തൊമ്പത് ആണ്ടുകളായി മലങ്കര സഭയുടെ മാത്രമല്ല നാനാജാതി മതവിഭാഗങ്ങളുടെ അത്താണിയായി മാറിയ വിശുദ്ധനാണ്. യുദ്ധമുഖത്തെ മുന്നണി പോരാളി പോലെ വസൂരി എന്ന മഹാവ്യാധിയുടെ കാലഘട്ടങ്ങളിൽ ഒരു ക്രിസ്ത്യാനി എങ്ങനെ ആയിരിക്കണം പ്രവർത്തിക്കേണ്ടതെന്ന് കാണിച്ചുതന്ന പരിശുദ്ധ പിതാവിനെ ഈ മഹാമാരിയുടെ കാലങ്ങളിൽ നമുക്ക് മാതൃകയാക്കാം. അപേക്ഷിച്ചാൽ ഉപേക്ഷിക്കുകയില്ല എന്ന ആ വിശുദ്ധന്റെ സന്നിധിയിലേക്ക് ഇന്നും തീർത്ഥാടന പ്രവാഹമാണ്. പരുമലയിൽ മാത്രമല്ല മലങ്കര സഭയിലെ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള പള്ളികളും പരിശുദ്ധന്റെ തിരുശേഷിപ്പുകളും സൗഖ്യത്തിന്റെയും വിടുതലുകളുടെയും ആശ്വാസത്തിന്റെയും കേന്ദ്രങ്ങളായി മാറുന്നു. ആ പരിശുദ്ധന്റെ സന്നിധിയിലേക്ക് നമുക്ക് നമ്മേ തന്നെ സമർപ്പിക്കാം... പരിശുദ്ധ തിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ! എന്ന് നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം...

**– സാം ഫിലിപ്പ്**, *ചീഫ് എഡിറ്റർ*



## *Glory be to the Triune God*

Dearly beloved in Christ,

We are going to enter into a new liturgical year. 'Koodos Etho' is the sanctification of the Church which has relevance in our spiritual life. We, the members of the Church (body of Christ), must be sanctified. The Church – One, Holy, Catholic and Apostolic – is always holy. We, the members, are also meant to be holy. When we submit ourselves to the will of God, obey the word of God and become a participant of the Holy Sacraments, we are getting sanctified. St. Peter proclaims, "You are the Christ, the son of the living God (St. Matthew 16:16). This is the real faith we must have in Jesus Christ.

As we know, every liturgical year starts with 'Koodos Etho'. We, as the members of the Malankara Orthodox Church, celebrate the beginning of the liturgical year with the feast of St. Gregorios of Parumala, the first proclaimed Saint, whose life is always an inspiration for us to become a saintly person. St. Gregorios of Parumala is also the patron saint of our parish. We are also commemorating the blessed memory of the Late lamented His Grace Dr. Stephanos Mar Theodosius. May the intercession of the Holy Fathers always be a strong fortress for us.

For the past few months, we have been going through the worst stage of the Covid – 19 pandemic. But God Almighty has protected us through His loving kindness. Let us remember the departed souls who were separated from us during this pandemic.

At this juncture, I would like to appreciate all those who have worked for the fulfillment of this edition of 'Vineyard'. May the blessing of the Triune God always be with us.

In His Service,
May God bless you all.

**Fr. Varghese Tiju Ipe,**
Vicar

---



**കർത്താവിൽ പ്രിയരേ,**

**ഈ മഹാമാരിക്കാലം അരങ്ങൊഴിയുമ്പോൾ നമുക്ക് ഒരുമിച്ച് ദൈവത്തെ ആരാധിപ്പാനുള്ള അവസരം സംജാതമായി വന്നപ്പോൾ നമ്മുടെ കൂടെ ഉണ്ടായിരുന്ന ചിലർ കർതൃ സന്നിധിയിൽ ചേർക്കപ്പെടുകയും മറ്റു പലരും പ്രവാസം മതിയാക്കി ജന്മനാട്ടിലേക്ക് തിരിച്ചു പോകുകയും ചെയ്തു. ഇപ്പോഴും മഹാമാരിക്ക് എതിരായി ഉള്ള മുൻകരുതൽ ഉപേക്ഷിക്കുവാനു ള്ള സമയം ആയിട്ടില്ല അതുകൊണ്ട് തന്നെ ശാരീരിക അകലം പാലിച്ചു കൊണ്ട് മാനസികമായ അകലം ഉണ്ടാവാതെ, ഈ മഹാമാരി പൂർണ്ണമായി നീങ്ങിപ്പോകാനും നമ്മുടെ സമസൃഷ്ടങ്ങൾക്ക് ദൈവകൃപ ലഭ്യമാകാൻ വേണ്ടിയും നമ്മെ ദൈവത്തിന്റെ മുൻപാകെ താഴ്ത്തി മുട്ടിപ്പായി അപേക്ഷിക്കേണ്ടതിന്റെ ആവശ്യകത നമ്മെ ഓർമ്മപെടുത്തുന്നു.**

**കോവിഡാനന്തര കാലഘട്ടം എന്ന് അടയാളപ്പെടുത്തുന്ന പുതു യുഗത്തിൽ നമ്മുടെ ഇടവക വികാരിയുടെയും സഭയിലെ അഭിവന്ദ്യ മെത്രാപോലിത്തമാരുടെയും വന്ദ്യ വൈദിക ശ്രേഷ്ഠരുടെയും മികച്ച കൃതികളും നമ്മുടെ ഇടവക അംഗങ്ങളുടെ മികച്ച സൃഷ്ടികളും ഉൾപ്പെടുത്തി ഇടവകയുടെ പ്രസിദ്ധീകരണമായ വിനിയാർഡിന്റെ ഈ വർഷത്തെ ആദ്യ വാല്യം വീണ്ടും അച്ചടിച്ച് പുറത്തിറക്കുവാൻ സാധിച്ചതിൽ സർവ്വശക്തനായ ദൈവത്തിനു സ്തുതി കരേറ്റുന്നു.**

**പ്രാർഥനയുടെയും ഉപവാസത്തിന്റയും ലാളിത്യത്തിന്റെയും ഉത്തമ മാതൃക കാട്ടി തന്നു കൊണ്ട് യഥാർത്ഥ ക്രിസ്ത്യനി എങ്ങനെ ലോകത്തിൽ ജീവിക്കണം എന്ന് യേശു ക്രിസ്തുവിനെ പോലെ സ്വജീവിതം കൊണ്ട് കാട്ടിതന്ന, ലോകം മുഴുവന്റെയും ആത്മീയ കെടാവിളക്ക് ആയി പ്രശോഭിക്കുന്ന മലങ്കരയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മ പെരുന്നാളും ഇടവകയുടെ പെരുന്നാളിനോടും അനുബന്ധിച്ചുള്ള പ്രേത്യക പതിപ്പും ഉൾകൊള്ളിക്കാൻ സാധിച്ചിട്ടുണ്ട്..**

**ഈ പ്രസിദ്ധീകരണത്തിലൂടെ നമ്മുടെ വിശ്വാസ സമൂഹത്തിനു ആത്മീക പരിപോഷണത്തിനും ഉണർവിനും കരണമാവാനും. പരിശുദ്ധ പരുമല കൊച്ചു തിരുമേനിയുടെ ജീവിത മാതൃക നമുക്ക് ആത്മീക പ്രചോദനമായി പരിണമിക്കുവാനും തദ്വാര യേശു ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷികളായി പരിലസിക്കുവാനും ഇടവരുത്തുകയും ചെയ്താൽ ഈ ഉദ്യമം സഫലമായി. ആയതിലേക്കു ചെറുതും വലുതുമായ സഹായങ്ങൾ നൽകിയവർ, ഇടവക വികാരി, ഇടവക ഭരണ സാരഥികൾ, ചീഫ് എഡിറ്റർ ഇടവക മാനേജിങ് കമ്മറ്റി അംഗങ്ങൾ വിനയാർഡ് കമ്മറ്റി അംഗങ്ങൾ ഇടവക ജനങ്ങൾ എന്നിവരെയും നന്ദിപുരസ്സരം സ്മരിക്കുന്നു.**

***സ്നേഹത്തോടെ,***

**മനോജ് മാത്യു**
**ജനറൽ കൺവീനർ**

# THE INDIAN ORTHODOX CHURCH

## (The Malankara Orthodox Syrian Church)

## Catholicate of the East

*Diocese of Ahmedabad*



'Gandhi Smriti'
St. Thomas Bishop's House
Naroda- Ahmedabad
Gujarat, India - 382 330

By His Grace,
Dr. Geevarghese Yulios Metropolitan

**Blessings be upon all members of our Muscat Mar Gregorios Maha-Edavaka!**

**Dearly Beloved,**

I'm encouraged to know that our parish, Mar Gregorios Orthodox Maha Edvaka, Muscat, is entering its 49th year of glory in the service of our Lord's noble vineyard. For the reason; I'm equally happy to announce that, 'Vineyard'- our church magazine is ready with a new issue. These publications are very special to me. The contributors of this publication create the finest, with indefinite efforts - for all of us. This publication, our parish has carried forward is commendable.

Our readers own a great advantage from 'Vineyard'. This magazine has theological works, essays, poems, biographies, creative writings and many more brilliant write-ups, expressed by our own members and others- whom I would like to address as 'ministers of this digital generation'. I have known, that this publication has truly helped people to exhibit their talents on both artistic and scholarly levels and, it has gladdened numerous faithful hearts around the globe. This magazine is a way of gospel, the contents here are not entirely exclusive to an Orthodox Christian community, but for the human kind- entirely, sharing the Word of God. I'm honored to be a part of this new-age gospel mission of MGOME church.

I, once again express my wholehearted joy on announcing the new edition of Vineyard and, I ask you to pray and work sincerely towards the development of this parish as it's moving towards its golden jubilee. Let's prepare ourselves for the 119th feast of St. Gregorios of Parumala, the Patron Saint of this parish, and seek prayers from the holy father.

I extent my gratitude and prayerful wishes to our Vicar, Vaghese Tiju Ipe Achen, our church executives, our managing committee members, our publication committee and to all those who are contributing earnestly to this generous act of nurturing this Lord's noble vineyard.

May God bless you all!

**Yours shepherd in Christ,**

**By His Grace, Dr. Geevarghese Yulios**
**Metropolitan, Diocese of Ahmedabad**
+Be with Him and be like Him+

Camp:

**St. Thomas Orthodox Retreat Center (Jyothis Dayara), Abu Road**

**Ph: 0792 298 0253(0ff.) Mobile: +91-962-446-1457(ADI), +91-944-738-3931(KER)**
**URL: moscad.in E-mail: hgyulios@gmail.com FB: hgyulios**

# സഹനങ്ങളെ ഭാഗ്യനിമിഷങ്ങൾ ആക്കിയ പിതാവ്

— ഡോ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ



പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് മലങ്കരസഭാ മാസികയുടെ 2021 ആഗസ്റ്റ് ലക്കത്തിൽ എഴുതുകയുണ്ടായി. അതിൽ പറയുവാൻ ശ്രമിച്ചത്, "എളിയവരെ ആദരിച്ച ശ്രേഷ്ഠ മഹാ പുരോഹിതൻ" എന്ന ആശയമായിരുന്നു.

പ. പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുമായി നാലര പതിറ്റാണ്ടു കാലത്തെ പരിചയം ഞാൻ അവകാശപ്പെടുന്നു. എങ്കിലും കൂടുതൽ അടുത്തിടപെടുവാനും സഹകരിക്കുവാനും സാഹചര്യമുണ്ടായത് അദ്ദേഹം മെത്രാപ്പോലീത്താ ആയതിനുശേഷമാണ്. ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയേയും, തിരുമേനിയുടെ കൂടെയുള്ളവരേയും വളരെ സ്നേഹിച്ച ഒരു പിതാവായിരുന്നു പ. പൗലോസ് ദ്വിതീയൻ ബാവാ. സ്വന്തം ജീവനെക്കാൾ വലുതായി പ. സഭയെ സ്നേഹിച്ച ഒരു പിതാവ്. പ്രശ്ന സങ്കീർണ്ണമായ നാളുകളിൽ ദൈവാശ്രയത്തോടെ അവയെ നേരിട്ടു. ആക്ഷേപങ്ങളും അപമാനകരമായ ആക്രമണങ്ങളും ഏൽക്കേിവന്നപ്പോഴും പതറിയില്ല. മലങ്കരസഭയുടെ സ്വാതന്ത്ര്യം, സ്വത്വബോധം ഇവ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുവാനും തന്റെ ഉത്തരവാദിത്വത്തിൽ ഉറച്ചുനിന്നു. ഇതിന്റെ പേരിലായിരുന്നു എല്ലാ ആക്ഷേപങ്ങളും, ഒരുപോലെ അകത്തുനിന്നും പുറത്തു നിന്നും ഏൽക്കേണ്ടിവന്നത്. പരിശുദ്ധരായ പൂർവ്വപിതാക്കന്മാർ സ്വപ്നം കണ്ട സ്വതന്ത്ര മലങ്കര സഭ എന്ന ആശയത്തെ ഫലപ്രദമാക്കുവാൻ തന്നാലാവതു ചെയ്തു. ലാളിത്യത്തിന്റെ ആൾരൂപമായിരുന്ന തിരുമേനി നിഷ്ക്കളങ്കതയും നൈർമ്മല്യവും കൊണ്ട് തന്റെ ജീവിതത്തെ പ്രഭാപൂരിതമാക്കി. ആഗോള പ്രശസ്തിക്കുവേണ്ടിയുള്ള പരാക്രമങ്ങളും സാമൂഹ്യമേഖലയിൽ സ്ഥാനമുറപ്പിക്കുന്നതിനുള്ള അടവുതന്ത്രങ്ങളും തനിക്ക് അന്യമായിരുന്നു. പക്ഷേ അദ്ദേഹം കാലംചെയ്തു കഴിഞ്ഞപ്പോൾ ഈ മേഖലകളിൽ നിന്നൊഴുകി എത്തിയ അനുശോചന പ്രവാഹങ്ങൾ അവാച്യമായിരുന്നു. എന്നും സഭയെ തന്റെ നെഞ്ചോടു ചേർത്തുപിടിച്ചു. സഭാ മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങളിൽ പ്രത്യേക താല്പര്യം എന്നും കാട്ടിയിരുന്നു. പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചറിയുമായിരുന്നു. മിഷൻ ബോർഡിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും സന്ദർശിക്കുവാനുള്ള ആഗ്രഹം അറിയിച്ചിരുന്നു. കൃത്യാന്തര ബാഹുല്യം നിമിത്തം എല്ലായിടത്തും എത്തുവാൻ കഴിഞ്ഞിട്ടില്ല.

തന്റെ ജീവിതത്തിൽ ദൈവഹിതം നിറവേറപ്പെടുവാൻ പ്രാർത്ഥിക്കുകയും സമർപ്പിക്കുകയും ചെയ്ത പിതാവായിരുന്നു പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവാ. തന്റെ രോഗാവസ്ഥയെ ദൈവഹിതത്തിനു സമർപ്പിച്ചു. കാലംചെയ്യുന്നതിനു കുറച്ചു നാളുകൾക്കു മുമ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവ് പ. ബാവാ തിരുമേനിയെ കാണുവാൻ പരുമല ആശുപത്രിയിൽ വന്നു. ക്ഷേമാന്വേഷണങ്ങൾ നടത്തി പ്രാർത്ഥിച്ചു. പ്രാർത്ഥനാനന്തരം തന്റെ സഭയിലെ വിശ്വാസികളോടു ബാവാ തിരുമേനിക്കു വേണ്ടി, പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്തുകൊള്ളട്ടെ എന്ന അഭ്യർത്ഥനയെ അംഗീകരിച്ചു കൊണ്ട് ബാവാ മറുപടി പറഞ്ഞു, "പറഞ്ഞു കൊള്ളൂ, പ്രാർത്ഥിച്ചുകൊള്ളൂ. പക്ഷെ എന്റെ രോഗം മാറാനും ആയുസ്സു നീളാനും പ്രാർത്ഥിക്കാതെ, എന്റെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റപ്പെടാൻ മാത്രം പ്രാർത്ഥിച്ചാൽ മതി." ഈ ആഗ്രഹം തിരുമേനി തന്റെ അന്ത്യകൽപ്പനയിലും വ്യക്തമാക്കിയിട്ടുണ്ട് (നമ്പർ 136 /20) അതിപ്രകാരമാണ്: "അല്പനാളുകളായി നാം രോഗശയ്യയിലാണെന്ന വിവരം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. മഹാകാരുണ്യവാനായ ദൈവംതമ്പുരാന്റെ തിരുഹിതം നിറവേറ്റപ്പെടണം എന്നല്ലാതെ മറ്റൊരു പ്രാർത്ഥനയും നമുക്കില്ല. ജീവിതത്തിലെ ഓരോ പരീക്ഷകളേയും രോഗാരിഷ്ടതകളേയും ആത്മശുദ്ധീകരണത്തിനുള്ള



വലിയ അവസരമായി മാത്രമാണ് നാം കാണുന്നത്. ദൈവസന്നിധിയിൽ കൂടുതൽ താഴ്മയോടും കണ്ണുനീരോടുംകൂടെ പ്രാർത്ഥിപ്പാനും ജാഗരിപ്പാനും ദൈവം നല്കിയ ഭാഗ്യനിമിഷങ്ങളായി നാമിതിനെ എണ്ണുന്നു." (മലങ്കരസഭാ, 2021 ആഗസ്റ്റ് ലക്കം പേ.8). ക്രിസ്തു മനസ്സിലേക്കു ബാവാ പരിവർത്തിതനാകുകയായിരുന്നു. ഗത്സമനയിലെ ക്രിസ്തുവിന്റെ പ്രാർത്ഥനയും ദൈവഹിതത്തിനുള്ള സമർപ്പണമായിരുന്നല്ലോ. **The culmination of a prayer is surrendering to the will of God** (പ്രാർത്ഥനയുടെ പരിസമാപ്തി ദൈവഹിതത്തിനുള്ള സമർപ്പണമാണ്). നാലാം നൂറ്റാണ്ടിൽ ജീവിച്ച സഭാപിതാവായ സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് (**St. John Chrysostom**) പ്രബോധിപ്പിക്കുന്നു. "ദൈവം ഒരാൾക്കു സഹിക്കുവാനുള്ള അവസരം നൽകുന്നു എങ്കിൽ, മരിച്ചവരെ ഉയർപ്പിക്കുവാനുള്ള വരം നൽകുന്നിതിനെക്കാൾ അനുഗ്രഹകരമാണ്. കാരണം ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുമ്പോൾ നാം ദൈവത്തിനു കടക്കാരനാകുന്നു. എന്നാൽ നാം സഹിക്കുമ്പോൾ ദൈവം നമുക്കു കടക്കാരനാകുന്നു. ദൈവം നൽകുന്ന സഹനങ്ങളെ പരാതിയില്ലാതെ ഏറ്റെടുക്കാം."

ദൈവം നൽകിയ സഹനങ്ങളെ പരാതിയില്ലാതെ പരി. ബാവാ തിരുമേനി ഏറ്റെടുത്തു. ഇതുതന്നെ പൗലോസ് അപ്പോസ്തോലനും ഓർമ്മപ്പെടുത്തിയിട്ടുണ്ട്: "കഷ്ടത സഹിഷ്ണതയേയും സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു" (റോമർ 5:3,4). ഈ വേദഭാഗം പി.ഒ.സി. പരിഭാഷയിൽ നൽകിയിരിക്കുന്നു. "കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയേയും ഉളവാക്കുന്നു എന്നു നാം അറിയുന്നു".

ലളിത ജീവിതത്തിന് ഊന്നൽ നല്കിയ ബാവാ തന്റെ കബറടക്ക ശുശ്രൂഷകൾ പോലും ലളിതമായിരിക്കണമെന്നു കാലേകൂട്ടി ബോദ്ധ്യപ്പെടുത്തിയിരുന്നു. തന്നോടു പിണക്കമുണ്ട് എന്നു തോന്നിയവരേയും, തനിക്കു പിണക്കമുണ്ടെന്നു തോന്നിയവരേയും ആശുപത്രിയിൽ വിളിച്ചുവരുത്തി അവരോടു നിരപ്പാകുവാനുള്ള ഹൃദയ വിശാലത പ്രകടമാക്കി. തന്റെ സ്ഥിരം കുമ്പസാര പിതാവിനെ ക്ഷണിച്ചുവരുത്തി വി. കുമ്പസാരം നടത്തി. പ്രാർത്ഥനയോടും ഉചിതമായ ഒരുക്കത്തോടും ദൈവസന്നിധിയണഞ്ഞ പിതാവിന്റെ പ്രാർത്ഥന നമുക്കനുഗ്രഹമാകട്ടെ.




# THE KIND AND COURAGEOUS

## A memoir on His Holiness Moran Mar Baselios Marthoma Paulose II

— HG Dr Geevarghese Yulios Metropolitan

It is close to three months of the sorrowful moment; I am humbled to honor my spiritual Holy Father yet again by sharing my sincere reminiscences.

It was about 10:30 at night on 11th of July, 2021. I left hospital after prayers, saw my Holy Father (for a second last time). He was coping up with His respiration under medical support. With cold-feet, I retreated to my room at Devalokam Aramana. I needed to sleep, and a rest is required as a preparation for the Holy Qurbana next day in the morning. I prayed and prepared myself for bed. I couldn't sleep. My mind was anxious; it recurrently relayed the memories and moments of my Holy Father. I lay agitated, and, the phone rang!



It was 1:45 am on 12th of July, 2021, I leapt from my bed. I heard them say, 'The condition has deteriorated…'. I was alert and continued listening. My heart sank low. I made haste to hospital, saw Him for the last time, fighting to breathe through mechanical support. Grief sped over my heart. It was 2:35 am, they pronounced the dreadful news, His Soul has departed! I stood back in tears.

Sorrow over the death of someone close to us does not strike us immediately. We have to think about the person for a while, dwell on past memories, and consider that we'll no longer be blessed with their conversation and personality. Then comes the sorrow. Perhaps some would say that's a hard-hearted reaction, but that's just the way we react. This time, when I have an opportunity to express my feelings for my Holy Father, His Holiness Baselios Marthoma Paulose II, I lose myself in a space, my memories run back and forth in time and, I evaluate my grief over this bereavement to the demise of Saintly figures.

After all that has been written about Holy Father in the newspapers, all that has been spoken about him on internet; the compliments, the accolades, the great tribute, that was given to Him on 13th July 2021 at Devalokam Chapel, I honestly express that this memoir never gets easier.

As we look into the Holy Bible we will see a very positive and encouraging side of loss. (Ps 116:15) Precious in the sight of the LORD is the death of His saints. The word 'precious' be translated as 'valuable'. The real meaning of 'precious' or 'valuable' can be better understood by a statement by Jesus, in John 8:51. "Most assuredly, I say to you, if anyone keeps My word s/he shall never see death."

Truly, I believe Holy Father will never see the dark death; He will reside with heavenly angles continuing His noble prayers. His Holiness had introduced several noteworthy changes in his tenure as the Catholicos of the Malankara Orthodox Syrian Church. He was committed to a life of providing help to the helpless. His vision encompassed all walks of life. He prayed for the sick and helpless people and worked for their well-being. He took initiatives to wipe out the evils of 'alcoholism and substance abuse' and promoted 'gender equality'. He even addressed contemporary challenges including internet addiction.

His Holiness was one of the youngest Metropolitans since His Holiness Mor Gregorios. He was only 38 years old when he was anointed as the Metropolitan as Paulose Mor Milithios on May 15, 1985. He was serving as the bishop of Kunnamkulam when the Malankara Association elected him as the Catholicos on October 12, 2006. He has served under the Catholicos for four years in preparation for the bigger role. He was enthroned as the Catholicos of the East & Malankara Metropolitan (the Supreme Head of the Malankara Orthodox Syrian Church of India) on Monday, 1st November, 2010, Following the retirement of His Holiness Didymos I.

The inaugural day was special on many counts. It was on November 1, the day that commemorated the inauguration of Kerala as a state. The ceremony was held in Parumala, only the third time a Catholicos was anointed on the auspicious site. Baselios Marthoma Mathews II in 1991 and Baselios Marthoma Didymos I in 2005 were notable others, anointed at Parumala.

His Holiness always insisted that the church was meant to be with people in misery. The social commitment was reflected in the establishment of the St Gregorios International Cancer Care Centre at Parumala at a cost of more than Rs 100 crore. He also launched a free cancer care programme for the underprivileged. He spent his birthdays in orphanages, conveying a message of austerity at the same time. His contributions to gender equality were second to none. He paved the way for women to the decision making bodies of the church. Women found their voice in the affairs of the church after he allowed them to vote in major parishes along with men. He worked to stem the tide of suicides. The human empowerment division of the church worked in the field of suicide prevention by offering psychological counselling centers. He focused on creating awareness about the harmful effects of alcohol and intoxicating drugs.

*(Continuing to Page 20...)*

# പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

## നാൾവഴികളിലൂടെ



പരിശുദ്ധ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയ്ക്ക് ശേഷം മലങ്കര സഭയെ നയിക്കുന്നതിന് പ്രാപ്തനായ ഒരു പിതാവിനായുള്ള പ്രാർത്ഥനകൾക്ക് ദൈവം നൽകിയ മറുപടിയാണ് ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി. മാത്യൂസ് എന്ന വാക്കിന്റെ അർത്ഥം 'ദൈവത്തിന്റെ ദാന'മെന്നാണ്. സേവേറിയോസ് എന്നത് 'കൃത്യനിഷ്ഠ' യുടെ പര്യായമാണ്. ഒരു പൂവിന്റെ സൗന്ദര്യവും സുഗന്ധവും എന്ന പോലെ, ഇത് രണ്ടും ഒന്നുചേർന്ന പരിശുദ്ധ പിതാവ് ഇനിയും കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ മാത്രമല്ല; ആകമാന മലങ്കര സഭയുടെ നാഥനാണ് പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ.

കോട്ടയം വാഴൂർ എന്ന ചെറു ഗ്രാമത്തിൽ ഒരു സാധാരണ കർഷക കുടുബത്തിൽ ജനിച്ച അഭിവന്ദ്യ പിതാവ് ഇന്ന് മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹീക സിംഹാസനത്തിൽ ആരൂഢനാകുമ്പോൾ മലങ്കരസഭയ്ക്ക് ഇത് ദൈവം നൽകിയ ദാനം എന്ന് അഭിമാനത്തോടെ പറയുവാൻ കഴിയും.

മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസനത്തിലെ വാഴൂർ സെന്റ് പീറ്റേഴ്സ് ഇടവകയിൽ മറ്റത്തിൽ പരേതനായ ചെറിയാൻ അന്ത്രയോസിന്റെയും മറിയാമ്മയുടെയും മകനായി എം. എം. മത്തായി 1949 ഫെബ്രുവരി 12–ന് ജനിച്ചു.

1954–59–ൽ വാഴൂർ സെന്റ് പീറ്റേഴ്സ് എൽ. പി. സ്കൂളിലും, 1959–61–ൽ സെന്റ് പോൾസ് യു. പി. സ്കൂളിലും, 1961–65–ൽ വാഴൂർ എസ്. വി. ആർ. വി. ഹൈസ്കൂളിലും സ്കൂൾ പഠനം പൂർത്തികരിച്ചു. 1965–ലെ പത്താം ക്ലാസ്സിൽ വച്ച് സ്കൂളിൽ ഒന്നാമനായാണ് എം. എം. മത്തായി പാസ്സായത്. വാഴൂർ എൻ. എസ്സ്. എസ്സ്. കോളേജിൽ നിന്ന് പ്രിഡിഗ്രിയും, കോട്ടയം സി. എം. എസ്സ്. കോളേജിൽ നിന്ന് സ്പെഷ്യൽ കെമിസ്ട്രിയിൽ ബിരുദവും സമ്പാദിച്ചു.

1973–ൽ കോട്ടയം പഴയ സെമിനാരിയിൽ വൈദീക വിദ്യാഭ്യാസത്തിനായി ചേർന്നു. 1977–ൽ ബി. ഡി. ബിരുദം പൂർത്തികരിച്ചു. റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാദമിയിൽ നിന്ന് 1977–79–ൽ വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും, 1979–81–ൽ റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മാസ്റ്റർ ഓഫ് തീയോളജിയും കരസ്ഥമാക്കി. 1981–1984–ൽ മാബൂഗിലെ മാർ പീലക്സീനോസിന്റെ ക്രിസ്തുശാസ്ത്ര പഠനത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.

പ. മാത്യൂസ് പ്രഥമൻ ബാവ 1976 ഏപ്രിലിൽ 20–ന് യൗഫദിനോ പട്ടവും, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് 1977 സെപ്തംബർ 14–ന് ശെമ്മാശ പട്ടവും, വാഴൂർ സെന്റ് പീറ്റേഴ്സ് പള്ളിയിൽ വച്ച് പ. മാത്യൂസ് പ്രഥമൻ ബാവ 1978 ജൂൺ 30–ന് കശ്ശീശ പട്ടവും നൽകി. കോട്ടയം കാരമൂട് സെന്റ് മേരീസ്, താഴത്തങ്ങാടി മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ്, കാരാപ്പുഴ മാർ ഗ്രീഗോറിയോസ്, പാച്ചിറ സെന്റ് മേരീസ് എന്നിവിടങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. പത്തനംതിട്ടയിൽ 1989 ഡിസംബർ 28–ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞടുത്തു. പരുമല സെമിനാരിയിൽ വെച്ച് 1990 മാർച്ച് 30–ന് പ. മാത്യൂസ് പ്രഥമൻ ബാവ റമ്പാൻ സ്ഥാനം നൽകി. പരുമല സെമിനാരിയിൽ വച്ച് പ. മാത്യൂസ് ദ്വിതീയൻ ബാവ 1991 ഏപ്രിൽ 30–ന് എപ്പിസ്കോപ്പായായി വാഴിച്ചു. കോട്ടയം പഴയ സെമിനാരിയിൽ വച്ച് 1993 സെപ്തംബർ 22–ന് പ. മാത്യൂസ് ദ്വിതീയൻ ബാവ മെത്രാപ്പോലീത്തായായി ഉയർത്തി.

കോട്ടയം സെൻട്രൽ ഭദ്രാസനം (1991 ജൂൺ – 1993 സെപ്തംബർ), കണ്ടനാട് ഭദ്രാസനം (1991 ആഗസ്റ്റ് – 1993 സെപ്തംബർ), ഇടുക്കി ഭദ്രാസനം (1992 മാർച്ച് – 1994 ഡിസംബർ) എന്നിവയുടെ സഹായ മെത്രാപ്പോലീത്താ ആയിരുന്നു. 1993 ആഗസ്റ്റ് 26 മുതൽ കണ്ടനാട് മെത്രാസന അദ്ധ്യക്ഷൻ. 2002 മുതൽ പുതുതായി രൂപീകരിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ. 2019 ജൂലൈ മുതൽ മലബാർ ഭദ്രാസനത്തിന്റെയും 2019 ഡിസംബർ മുതൽ ഇടുക്കി ഭദ്രാസനത്തിന്റെയും സഹായ മെത്രാപ്പോലീത്ത. 1984 മുതൽ ഓർത്തഡോക്സ് സെമിനാരിയിൽ വേദശാസ്ത്ര വിഭാഗത്തിൽ അദ്ധ്യാപകനായി ( 1984–2021) 37 വർഷം പഠിപ്പിച്ചു. നാഗപ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയിലെ വിസിറ്റിംഗ് പ്രൊഫസറായിരുന്നു.

ദൈവ കരുണയുടെ മാനുഷിക മുഖമാണ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത, അനുകമ്പയാണ് അദ്ദേഹത്തിന്റെ അധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന 17–ൽപ്പരം സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് കാര്യദർശിത്വം വഹിക്കുന്നു:

**1) പ്രതീക്ഷാ ഭവൻ:** ബുദ്ധിമാന്ദ്യവും അംഗവൈകല്യമുള്ള നിർധനരായ സ്ത്രീകളെ പരിപാലിക്കുന്നു. **2) പ്രശാന്തി ഭവൻ:** നിരാലംബരായ രോഗികളുടെ പാർപ്പിടം. **3) പ്രത്യാശ ഭവൻ:** ബുദ്ധിമാന്ദ്യവും അംഗവൈകല്യവും ഉള്ള നിർധനരായ പുരുഷന്മാരെ പരിപാലിക്കുന്നു. **4) പ്രതിഭാ ഭവൻ:** സ്വയംതൊഴിൽ പരിശീലന പദ്ധതി. **5) പ്രദാനം:** ചികിത്സാ സഹായ പദ്ധതി. **6) പ്രമോദം:** അന്നദാന പദ്ധതി. **7) പ്രസന്നം:** മാനസികാരോഗ്യ കേന്ദ്രം. **8) പാലനം:** പെൻഷൻ പദ്ധതി. **9) പ്രഭാതം:** സൗജന്യ കമ്പ്യൂട്ടർ പരിശീലനം. **10) പ്രബോധനം:** പൊതു വായനശാല. **11) പ്രാപ്തി:** ഭവനനിർമ്മാണം, വിവാഹം, ഉന്നതവിദ്യാഭ്യാസം എന്നിവയ്ക്കുള്ള സഹായം. **12) പ്രയോജന മെഡിക്കൽസ്:** സൗജന്യ മരുന്ന് വിതരണം. **13) പ്രവാഹം:** സൗജന്യ ഡയാലിസിസ്. **14) പ്രീതി ക്ലിനിക് ആൻഡ് ലാബ്:** സൗജന്യ വൈദ്യപരിശോധനയും പ്രഥമ ശുശ്രൂഷയും. **15) പ്രശാന്തം:** ക്യാൻസർ രോഗികൾക്കുള്ള സംരക്ഷണകേന്ദ്രം. **16) പ്രകാശം:** രോഗികൾക്ക് സൗജന്യ പരിശോധനയും പ്രഥമ ശുശ്രൂഷയും. **17) പ്രശോഭ:** തൊഴിലിൽ നിന്ന് വിരമിച്ചവർക്കുള്ള പദ്ധതി.

പ്രസ്തുത പ്രസ്ഥാനങ്ങളുടെ സേവനങ്ങൾ ജാതി–മത ഭേദമെന്യേ ഏവർക്കും സൗജന്യമായി നൽകുന്നു. എല്ലാ പ്രസ്ഥാനങ്ങളും മലങ്കര മെത്രാപ്പൊലിത്തായുടെ പേരിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു ദൈവ സ്നേഹത്തിന്റെ കെടാവിളക്കുകൾ പോലെ പൊതു സമൂഹത്തിനു വെളിച്ചം നൽകുന്ന ഈ സ്ഥാപനങ്ങൾക്കെല്ലാം മാർ സേവേറിയോസ് മെത്രാപ്പൊലീത്തയുടെ അക്ഷീണ പരിശ്രമങ്ങളുടെ നിരവധി കഥകൾ പറയാനുണ്ട്.

മെത്രാപ്പോലിത്താ സ്ഥാനം 42–ാമത്തെ വയസിൽ ലഭ്യമായി. മലങ്കരയുടെ ഒമ്പതാം കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായി 72–ാമത്തെ വയസിൽ നിയോഗം ലഭിച്ചു. പരുമല സെമിനാരിയിൽ 2021 ഒക്ടോബർ 14–ന് നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം മലങ്കര മെത്രാപ്പോലീത്തായായും പൗരസ്ത്യ കാതോലിക്കയായും തെരഞ്ഞെടുത്തു. 2021 ഒക്ടോബർ 15–ന് വെള്ളിയാഴ്ച പരുമല പള്ളിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക എന്നപേരിൽ സ്ഥാനാരോഹണം നടത്തി.



# കരുണയുടെ വറ്റാത്ത ഉറവ

## പ: ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ



— റവ. ഫാ. മത്തായി കുന്നിൽ
(മലങ്കര സഭാ മാനേജിങ്ങ് കമ്മറ്റി അംഗം)

"സ്നേഹത്തിന്റെ ഭാഷ മനുഷ്യനെ ഐക്യത്തിലേക്ക് നയിക്കുന്നു. അവിടെ ഏറ്റുമുട്ടലുകളില്ല, സംഘർഷമില്ല, വലിപ്പ ചെറുപ്പമില്ല. സ്നേഹത്തിന്റെ ഭാഷ മനുഷ്യനെ സമാധാനത്തിലേക്കും ആത്യന്തികമായ സന്തോഷത്തിലേക്കും നയിക്കുന്നു."

കഷ്ടപ്പാടും കഠിനാധ്വാനവും കൂടെപ്പിറപ്പായ ജീവിതത്തിൽ നിന്നാണ് 'പോൾ' എന്ന ബാലൻ മലങ്കര ഓർത്തഡോക്സ് സഭയുടെ ഉന്നത ശ്രേണിയിലേക്ക് വളർന്ന് എത്തിയത്. ഭാരതത്തിലെ ക്രൈസ്തവ സഭാ നേതൃത്വത്തിൽ ഉന്നതസ്ഥാനീയൻ ആയിരുന്നിട്ടും സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു പ: ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ തിരുമേനി.

തൃശ്ശൂർ പഴഞ്ഞി മങ്ങാട് എന്ന ശാന്തസുന്ദരവും, പ്രകൃതി രമണീയവുമായ സ്ഥലത്ത് കൊള്ളന്നൂർ കെ.ഐ. ഐപ്പിന്റെയും കുഞ്ഞിറ്റിയുടെയും മകനായി 1946 ഓഗസ്റ്റ് 30-നാണ് ജനനം. എസ് . എസ് . എൽ . സി. വിദ്യാഭ്യാസത്തിനു ശേഷം വീട്ടിലെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ തൃശ്ശൂർ ചെമ്പുക്കാവ് പള്ളിയിൽ താമസിച്ചു കൊണ്ട്, കോളേജ് പഠനം പൂർത്തികരിച്ചു. പഠനവുമായി തൃശൂരിൽ കഴിയുമ്പോഴാണ് ദൈവഹിതം തിരിച്ചറിയുന്നത്. വൈദീകനാകാനുള്ള ആഗ്രഹം കുടുംബത്തെ ബോധ്യപ്പെടുത്തി ഡിഗ്രി പഠനം പൂർത്തികരിച്ച് 1969-ൽ വൈദീക സെമിനാരിയിൽ ചേർന്നു.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിലെ പഠനം പൂർത്തീകരിച്ച് കോട്ടയം സി. എം. എസ് കോളേജിൽ പഠനം പൂർത്തിയാക്കി. പരുമല സെമിനാരിയിൽ 1972 ഏപ്രിൽ 8-ന് കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മാർ സെവേറിയോസിൽ നിന്ന് ശെമ്മാശപട്ടം ഏറ്റു. അദ്ദേഹത്തിൽ നിന്നുതന്നെ കൊരട്ടി സിയോൻ സെമിനാരിയിൽ വച്ച് 1973 മെയ് 31-ന് പൂർണ്ണ ശെമ്മാശപട്ടവും സ്വീകരിച്ചു. തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ 1982 ഡിസംബർ 28-ൽ കൂടിയ മലങ്കര അസോസിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1983 മെയ് 14-ന് റമ്പാൻ സ്ഥാനം നൽകപ്പെട്ടു. പ: ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായാൽ 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് സെന്റ്. മേരീസ് പള്ളിയിൽ മറ്റ് 4 പേരോടുമൊത്ത് എപ്പിസ്ക്കോപ്പയായി വാഴിക്കപ്പെട്ടു. പുതിയതായി രൂപീകരിച്ച കുന്നംകുളം ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി ഓഗസ്റ്റ് ഒന്നിന് നിയമിതനായി. കോട്ടയം പഴയ സെമിനാരിയിൽ വച്ച് 1991 ഒക്ടോബർ 25-ന് മെത്രോപ്പോലീത്തയായി ഉയർത്തപ്പെട്ടു.

പരുമല സെമിനാരിയിൽ 2006 ഒക്ടോബർ 12-ന് കൂടിയ മലങ്കര അസോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രോപ്പോലീത്തയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവ സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്ന് 2010 നവംബർ 1-ന് പരുമല സെമിനാരിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ എന്ന പേരിൽ പൗരസ്ത്യ കതോലിക്കയായി സ്ഥാനാരോഹണം ചെയ്തു. പ. സഭയുടെ അഖണ്ഡത കാത്തു സൂക്ഷിക്കുവാനായി തന്റെ സഭ ഒരിക്കലും വിദേശ അടിമത്തത്തിനു ഇനിയും വിട്ടു കൊടുക്കുയില്ലാ എന്ന് ശക്തമായ നിലപാടെടുത്തു. കോടതി വിധിപ്രകാരം മലങ്കര സഭ ഒന്നാണ് എന്ന് ഉറക്കെ പ്രഖ്യാപിച്ചു.

അതിനായി ദൈവസന്നിധിയിൽ അഭയപ്പെട്ടു ദൈവാശ്രയം മാത്രം കൈമുതലാക്കി പ്രാർത്ഥനയോടെയാണ് അദ്ദേഹം സഭയെ നയിച്ചത്. പുറംമോടികളില്ലാതെ, ഹൃദയ സുതാര്യതയോടെയും, സന്തോഷത്തോടെയും ജീവിക്കാൻ ബാവയ്ക്ക് കഴിഞ്ഞു. എവിടെയും എപ്പോഴും ഓടിയെത്തിയിരുന്ന അദ്ദേഹം സാധാരണക്കാരായ വിശ്വാസികൾക്ക് ഒരിക്കലും അപ്രാപ്യനായിരുന്നില്ല. കരുണയുടെ വഴികൾ അദ്ദേഹത്തെ എപ്പോഴും അശരണരിലേക്കും നിരാലംബരിലേക്കും കൊണ്ടുപോയി. സെറിബ്രൽ പാൾസി ബാധിതനായ അനുഗ്രഹയും, ആ കുട്ടിയെ സഹോദര തുല്യം സ്നേഹിച്ച സഹപാഠി ഫാത്തിമ ബിസ്മിയും കാണാനെത്തിയപ്പോൾ അവരെ സ്വീകരിക്കുവാൻ പദവിയും നടപടി ക്രമങ്ങളും മറന്ന് അദേഹം കോട്ടയം റെയിൽ വേ സ്റ്റേഷനിലെത്തിയതും ചില ഉദാഹരണങ്ങൾ മാത്രമാണ്.

ഒരിക്കൽ കാൻസർ ചികിത്സയ്ക്ക് ചെന്നയിൽ പോയിവന്ന അദ്ദേഹത്തിന്റെ മുൻപിൽ എം. ബി.ബി.എസ് വിദ്യാർത്ഥിനിയായ പെൺകുട്ടി ഫീസ് അടയ്ക്കുവാൻ ഇല്ലാത്തതിന്റെ വേദനയുമായെത്തി. തന്റെ ചികിത്സയുടെ അസ്വസ്ഥതകളും യാത്രാ ക്ഷീണവും മറന്ന് അദ്ദേഹം കുട്ടി പഠിക്കുന്ന സ്ഥലത്ത് നേരിട്ട് വിളിച്ച് അന്വേഷിച്ച് മുടങ്ങിയ ഫീസ് ഉൾപ്പെടെ അടച്ച് മറ്റൊരു കാരുണ്യ സ്പർശം കൂടെ കാണിച്ചുതന്നു. പരുമല കാൻസർ സെന്റർ എന്ന സ്വപ്ന പദ്ധതി പൂർത്തിയാക്കുവാനും, സാധുക്കളായ ഒട്ടേറെ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുവാനും കഴിഞ്ഞത് പ: ബാവായുടെ മനുഷ്യസ്നേഹത്തിന്റെ മുഖം വെളിവാക്കുന്നു. അദ്ദേഹത്തിന്റെ സപ്തതി വർഷത്തിലെ പ്രധാന പരിപാടി തന്നെ ഈ ആശുപത്രിയുടെ ഉദ്ഘാടനമായിരുന്നു. സൗജന്യ ചികിത്സാ പദ്ധതിയായ "സ്നേഹസ്പർശം" നടപ്പാക്കി നിർധനരായ കാൻസർ രോഗികൾക്ക് സാന്ത്വനം പകർന്നതും എത്രയോ കുടുംബങ്ങൾക്ക് ആശ്വാസം പകരുകയുണ്ടായി.

അർമീനിയൻ, ഇത്യോപ്യൻ, ഗ്രീക്ക്, റഷ്യൻ, കോപ്റ്റിക്ക് തുടങ്ങിയ ഓർത്തഡോക്സ് സഭകളുമായി ഐക്യം ഉറപ്പിക്കുവാനും, വളരെ അടുത്ത ആത്മബന്ധം സ്ഥാപിക്കുവാനും കഴിഞ്ഞു. കത്തോലിക്കാ സഭയുമായി അടുത്ത ബന്ധം കൂടുതൽ ഊഷ്മളമാക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പയുമായി വത്തിക്കാനിൽ കൂടിക്കാഴ്ച നടത്തിയത് സഭൈക്യപ്രസ്ഥാനം ശക്തിപ്പെടുത്തുന്നതായി. ദുഃഖവെള്ളിയാഴ്ച മൊബൈൽ ഫോൺ, ടിവി, ഇന്റർനെറ്റ് തുടങ്ങിയവയുടെ ഉപയോഗം ഒഴിവാക്കി ആചരിക്കുന്ന "സൈബർ ഫാസ്റ്റ്" ബാവായുടെ ആശയമാണ്. സൈബർ അടിമത്തം മൂലം ഉണ്ടാകുന്ന സൈബർ കുറ്റകൃത്യം, മനുഷ്യബന്ധങ്ങളുടെ തകർച്ച, വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രേരണ എന്നിവ ഒഴിവാക്കുന്നതിനുള്ള ബോധവത്കരണത്തിന്റെ ഭാഗമാണ് സൈബർ ഫാസ്റ്റ് ആചരിക്കുന്നത്.

ഇടവകയിലെ പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും വോട്ടവകാശം നൽകുക എന്നത് ബാവയുടെ തീരുമാനമായിരുന്നു. പള്ളിഭരണത്തിലും, സഭാ ഭരണത്തിലും സ്ത്രീകൾ നിർണ്ണായക ശക്തിയാകാൻ അത് വഴിയൊരുക്കി. സാമൂഹിക നീതിക്കും വംശീയ സമത്വത്തിനും വ്യക്തിയുടെ അന്തസിനും വേണ്ടി നിലകൊണ്ട കരുത്തുറ്റ ശക്തിയായിരുന്നു പ: ബാവാ. അദ്ദേഹത്തിന്റെ കർതൃസന്നിധിയിലേക്കുള്ള മടക്കം മുൻഗാമിയുടെ ഓർമ്മ ദിനത്തിൽത്തന്നെയാണ്. പ: ബാവായുടെ ആദർശപുരുഷനായിരുന്ന പുലിക്കോട്ടിൽ രണ്ടാമൻ (ജോസഫ് മാർ ദിവന്നാസ്യോസ് അഞ്ചമൻ) മെത്രാപോലീത്തായുടെ ഓർമ്മ പഴയ സെമിനാരിയിൽ കൊണ്ടാടുന്ന ജൂലൈ 12-നാണ് പരിശുദ്ധ പിതാവ് കാലം ചെയ്തത്. 2021 ജൂലൈ മാസത്തിലെ 12-ാം ദിനം പ: സഭയുടെ വിലാപദിനമായി മാറിയെങ്കിൽ ഇന്ന് ആ പുണ്യ പിതാവിന്റെ കബർ അനേകർക്ക് ആശ്വാസമാകുന്നു. കരുണയുടെ വറ്റാത്ത ആൾരൂപമായി ജീവിച്ച ഈ പുണ്യ പിതാവിന്റെ കരുണാദ്രമായ പ്രവർത്തനങ്ങൾ അദ്ദേഹം കാലം ചെയ്തതിനു ശേഷമാണ് മലങ്കര സഭാ മക്കൾ തിരിച്ചറിയുന്നത്. അതേ സർവ്വശക്തനിൽ എല്ലാം അർപ്പിച്ച് പ്രശ്ന സങ്കീർണമായ സമയങ്ങളിൽ എന്റെ ദൈവം എന്റെ സഭ എന്ന് പുത്തൻകാവിൽ കൊച്ചു തിരുമേനിയെ പോലെ തന്റെ രോഗ കിടക്കയിൽ അവസാന ശ്വാസം വരെയും തന്റെ സഭയുടെ യശ്ശഃസ്സിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന പ. പിതാവ് സ്വർഗ്ഗീയ സന്നിധിയിൽ നമുക്കായി പ്രാർത്ഥിക്കുന്നു. പ. പിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് അഭയപ്പെടാം....

# ഓർമ്മകളുടെ ചെപ്പിൽ എന്റെ തിരുമേനി



— റവ. ഫാ. ഷാജി എം ബേബി,
സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച്, ഭുവനേശ്വർ & കട്ടക്ക്

പ്രാർത്ഥിക്കാറുണ്ട്, ഓർമ്മയിലുണ്ട് എന്ന് നാം ഭംഗിവാക്കുകൾ പറയാറുണ്ടെങ്കിലും നമ്മുടെ ജീവിത യാത്രയിൽ കണ്ടുമുട്ടുന്ന എത്ര പേരെ നാം ഓർമയുടെ ചെപ്പിൽ സൂക്ഷിക്കാറുണ്ട്. എന്നാൽ നമ്മുടെ ഓർമയിൽ കാത്തുസൂക്ഷിക്കുന്ന അണയാത്ത ദീപമായി പരിപാലിക്കുന്ന ചില വ്യക്തി ജീവിതങ്ങളും ഉണ്ട്. അത്രമാത്രം സ്വാധീനം നമ്മുടെ ജീവിതത്തിൽ അവർ നൽകിയിട്ടുള്ളവർ ആയിരിക്കും. മരണംവരെയും അവരെയും അവരുടെ ഓർമകളെയും പരിലാളിച്ചുകൊണ്ടു നടക്കും സംശയമില്ല.

തുമ്പമൺ ഭദ്രാസനത്തിൽ ഒരു വൈദികനായി ശുശ്രൂഷ അനുഷ്ഠിക്കുക എന്ന ആഗ്രഹത്തോടെ സെമിനാരി വിദ്യാഭ്യാസത്തിന്റെ പ്രാരംഭ നടപടികളെക്കുറിച്ച് അന്വേഷിക്കുവാൻ, അഭിപ്രായം ആരായുവാൻ ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയെ പത്തനംതിട്ട ബേസിൽ അരമനയിൽ പോയി കണ്ടപ്പോൾ 'നീ ഈ നാട്ടിൽ കിടക്കാതെ കൽക്കട്ട ഭദ്രാസനത്തിലെങ്ങാനും പോയി സേവനമനുഷ്ഠിക്കു, നാളെ തിരുമേനി ഇവിടെ വരും നീ അപ്പോൾ ഇവിടെ വരിക ഞാൻ പരിചയപ്പെടുത്തിത്തരാം.' ഒരു പക്ഷേ ഒരു ഒഴിവാക്കൽ ആകാം അഥവാ ആത്മർതഥയിൽ ആകാം. എന്തു തന്നെയായാലും എൻറെ ജീവിതത്തിൽ ഒരു വഴിത്തിരിവ് ആയിരുന്നു അത്.

ബേസിൽ അരമനയിൽ വച്ച് എന്നോട് പറഞ്ഞ വാക്കുകൾ 'നിനക്ക് താത്പര്യമുണ്ടെങ്കിൽ ഭിലായിലേക്ക് വരിക' മറുത്ത് ഒന്നും പറഞ്ഞില്ല. ആ മുനിവര്യനെ കണ്ടപ്പോൾ മുതൽ ഞാൻ ആ രൂപത്തിൽ ആകൃഷ്ടനായിത്തീർന്നു. പതിറ്റാണ്ടുകൾ പലതു പിന്നിട്ടു എങ്കിലും, ഓർമ്മകളിൽ മായാതെ ആ കഴ്ച്ചകൾ നിലനിൽക്കുന്നു. 1985 മുതൽ ഏതാനും വർഷങ്ങൾ തിരുമേനിയോടൊപ്പം താമസിച്ചതും കൂടെ നടന്നതും പല അവസരങ്ങളിലായി പറഞ്ഞു തന്ന ഉപദേശങ്ങളും എന്തിന് ഏറെ പറയുന്നു ആ ജീവിതം തന്നെ എന്നിലേക്ക് പകർത്താൻ എനിക്ക് സാധിച്ചിട്ടുണ്ട്. 'സ്വന്തം വീട്ടിൽ ഉള്ള കാര്യങ്ങൾ ആരെങ്കിലും പറഞ്ഞിട്ടാണോ നമ്മൾ ചെയ്യുന്നത്. ഇവിടെയും അതുപോലെ ചെയ്യണം.' ഭിലായിൽ ചെന്നപ്പോൾ എന്നോട് പറഞ്ഞ വാക്കുകളാണിത്. എത്ര അർത്ഥവത്തായ വാക്കുകൾ, മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും കഴിയുന്നവർക്ക് ഇതിലും വലിയ ഉപദേശത്തിന്റെ ആവശ്യമില്ല.

## ജീവിതം തന്നെ വലിയ പ്രസംഗമായിരുന്നു

തിരുമേനിയെ അടുത്തറിഞ്ഞിട്ടുള്ളവർക്കു അറിയാം അധികം സംസാരിക്കുന്ന പ്രകൃതം അല്ലായിരുന്നു. അതോടൊപ്പം ചിന്തിച്ചാൽ ഒരു വലിയ പ്രസംഗകനും അല്ലായിരുന്നു. ഒരു ചെറിയ വിഷയം അവതരിപ്പിക്കണമെങ്കിൽ പോലും അൽപസമയം എടുത്തതായിരിക്കും അത് പറഞ്ഞു തരുന്നത്. എന്നാൽ ആ ജീവിതം പഠിച്ചിട്ടുള്ളവർക്ക്, മനസ്സിലാക്കിയിട്ടുള്ളവർക്കു അറിയാം ആ ജീവിതത്തിന്റെ ശ്രേഷ്ഠത. ഓരോ വാക്കുകളും ഓരോ ചലനങ്ങളും എല്ലാം ഉപദേശങ്ങൾ ആയിരുന്നു. ആൾക്കൂട്ടങ്ങളുടെ ഇടയിലും ആരവങ്ങളുടെ മധ്യത്തിലും തിരഞ്ഞാൽ ആ വ്യക്തിത്വത്തെ കാണാൻ ലഭ്യമല്ലായിരുന്നു. യാത്രകൾ സാധാരണക്കാരടൊപ്പം ചെയ്യുന്നതിൽ ആയിരുന്നു താൽപര്യം. അവരോടൊപ്പം താതാത്മ്യം പ്രാപിക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു. ഭക്ഷണ കാര്യങ്ങളിലും മിതത്വം എന്നും പാലിച്ചിരുന്നു. അരമനയിലും എല്ലാവരോടും ഒപ്പമിരുന്ന് ഭക്ഷണം കഴിക്കുന്നതിൽ ആയിരുന്നു സന്തോഷം. വലിയ വിഭവങ്ങൾ ഇല്ലെങ്കിലും രണ്ട് പേർക്കുള്ള ഭക്ഷണം എപ്പോഴും കരുതിവെക്കുമായിരുന്നു. ആരെങ്കിലും യാത്ര ചെയ്തു വന്നാൽ, ഭക്ഷണം കഴിക്കാതെ വന്നാൽ കൊടുക്കുവാനുള്ളതു എപ്പോഴും കരുതലോടെ ഇരിക്കും. വസ്ത്രങ്ങൾ അലക്കുന്നതും ഇസ്തിരി ഇടുന്നതും തനിയേ ചെയ്യുന്നതായിരുന്നു സന്തോഷം. ഇങ്ങനെ ആ ജീവിതം നാം വിലയിരുത്തുമ്പോൾ വലിയ ഒരു സാക്ഷ്യം അനേകം പ്രസംഗങ്ങൾ എഴുതുവാനും പറയുവാനും ആ ജീവിതത്തിൽ നിന്നും നമുക്ക് കഴിയും. ഒരു പുസ്തകവും സ്വയമായി എഴുതിയിട്ടില്ല, എങ്കിലും അനേകം പുസ്തകങ്ങൾ എഴുതാനുള്ളത് ആ ജീവിതത്തിലുണ്ട്. ഇന്നും നാം എത്ര മാത്രം ഉൾക്കൊണ്ടിട്ടുണ്ട്, മനസ്സിലാക്കിയിട്ടുണ്ട് ആ ജീവിതം എന്നത് ചോദ്യമാണ്.

## തിരുമേനിയുടെ ദീർഘവീക്ഷണം

നാലു ഞായറാഴ്ചകളും കുർബ്ബാനകൾ ഉള്ള ദേവാലയങ്ങൾ വിരലിലെണ്ണാവുന്നതു, ബാക്കിയെല്ലാം ചെറിയ ചെറിയ കോൺഗ്രിഗേഷൻകളും. ഇവിടെ എല്ലാം ഉള്ളത് ഉദ്യോഗാർത്ഥം കേരളത്തിൽ നിന്നും വന്നിട്ടുള്ള നമ്മുടെ സഭാംഗങ്ങളും. ഔദ്യോഗിക ജീവിതത്തിൽ നിന്നും ഇവർ വിരമിച്ചു കേരളത്തിലേക്ക് പോകുമ്പോൾ, തുടങ്ങിയ ഇടവകകൾ അനാഥമാകും ഇങ്ങനെ സംഭവിക്കാതിരിക്കാൻ ഓരോ സെന്ററുകളിലും സ്ഥലങ്ങൾ വാങ്ങിച്ചു ചെറിയ രീതിയിൽ സ്കൂളുകൾ ആരംഭിച്ചു.

ഉത്തര ഭാരതത്തിൽ പള്ളികൾ എന്നതിന് പരിമിതികൾ ഏറെയുണ്ട്. എന്നാൽ അവിടെയുള്ള ദേശവാസികളുമായി ഇടകലരുന്നതിനും, അവരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനും സ്കൂളുകൾ എന്നതിൽ കൂടെ സാധ്യമാകുകയുള്ളൂ എന്ന ചിന്താഗതി തിരുമേനിയെ ഭരിച്ചിരുന്നു. ഒപ്പം ഒരു സഭാംഗം മാത്രമേ ഒരു സ്ഥലത്ത് ഉള്ളു എങ്കിലും ഒരു സ്കൂൾ ഉണ്ടെങ്കിൽ ഒന്നോ അതിലധികമോ വൈദീകരെ പരിപാലിക്കുന്നതിനും ഇടവക ശുശ്രൂഷ നടത്തുന്നതിനും ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയുമില്ല.

നാം സ്വയം പര്യാപ്തത കൈവരിക്കണം. എല്ലാ കാര്യങ്ങളിലും ഇത് കർക്കശമായിരുന്നു തിരുമേനിക്ക്. അരമനയിലേക്കു ആവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ അവിടെത്തന്നെ ഉത്പാദിപ്പിക്കുന്ന തലത്തിലേക്ക് ഉയർത്തി. കേവലം പറയുക മാത്രമല്ല അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങൾ രാജ്യത്തു നിന്നും പുറത്തു നിന്നും കൊണ്ടു വന്നു. സംസ്ഥാനത്തുതന്നെ ഒന്നാംകിട കൃഷി വികസിപ്പിച്ചെടുക്കുന്നതിന് തിരുമേനിക്ക് സാധിച്ചു. (ശേഷം പേജ് 20–ൽ)

## സ്മരണാഞ്ജലി



**മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് മഹാ ഇടവകയിൽ
ഭാഗ്യസ്മരണാഹർനായ അഭിവന്ദ്യ
ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ്
തിരുമേനിയുടെ 14–ാം ഓർമ്മ, 2021 നവംബർ 5,
വെള്ളയാഴ്ച വി. കുർബ്ബാന, അനുസ്മരണ
സമ്മേളനം, നേർച്ച എന്നവയോടു കൂടി
ഭക്തിയാദരപൂർവ്വം ആചരിച്ചു.**

# ഓർമ്മച്ചെപ്പ് തുറന്നപ്പോൾ



— മോളി ഏബ്രാഹാം (Church ID: A 017)



'ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടമില്ല' എന്ന് യേശു തമ്പുരാൻ നഥാനിയേലിനെ കണ്ടിട്ട് മൊഴിഞ്ഞ തിരുവചനം അന്വർത്ഥമാക്കും വിധം ജീവിച്ച പുണ്യ പിതാവായ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായോടൊപ്പം പങ്കിട്ട സ്നേഹോഷ്മളമായ അനർഘ നിമിഷങ്ങൾ കണ്ണുനീരിന്റ നനവോടെയല്ലാതെ ഓർക്കാൻ കഴിയുകയില്ല. വർണ്ണനാതീതമായ ശ്രേഷ്ഠഗുണങ്ങൾ കൊണ്ട് സമ്പന്നമായ സഭയുടെ അധിപനായി വാണരുളിയ ശ്രേഷ്ഠാചാര്യൻ നിഷ്കളങ്ക സൗന്ദര്യത്തിന്റെയും നിർമ്മല സ്നേഹത്തിന്റെയും കാപട്യമില്ലാത്ത പെരുമാറ്റത്തിന്റെയും ഉത്തമോദാഹരണമായി ഉദിച്ചുയരുന്ന സൂര്യപ്രഭയോടെ സഭയെ നയിച്ച മഹാ തേജസ് മലങ്കര സഭയുടെ അജയ്യനായ പോരാളി, ഒരു തികഞ്ഞ സത്യാന്വേഷി, സത്യത്തിനുവേണ്ടി ഉറച്ചുനിന്ന കർക്കശ്യക്കാരൻ ആശരണരുടെ കണ്ണീരൊപ്പിയ മനസ്സലിവുള്ള മഹായിടയൻ. കുഞ്ഞുങ്ങളെ മാറോടണച്ചു വാത്സല്യം ഏകിയ കുഞ്ഞുങ്ങളുടെ തിരുമേനി അപ്പച്ചൻ. സമയത്തിന്റെ ദശാംശവും ദൈവത്തിനായി സമർപ്പിച്ചു മൗനവ്രതത്തോടുകൂടി ദൈവത്തെ സ്തുതിച്ചു പാടുവാൻ കൃപ ലഭിച്ച പരിശുദ്ധൻ. 84–ാം സങ്കീർത്തനത്തിൽ പറയുന്നപോലെ 'നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമം അല്ലോ' അത് കാട്ടിത്തന്ന മഹിതാചാര്യൻ. പണ്ഡിതരെയും പാമരരെയും ദരിദ്രരെയും രോഗികളെയും നിരാലംബരരെയും ജാതിമത ഭേദമെന്യേ സ്നേഹസ്പർശത്താൽ സ്വീകരിച്ച ഇടയ ശ്രേഷ്ഠൻ. സ്ത്രീകൾക്ക് സഭയിലും ഭരണതലത്തിലും പ്രാതിനിധ്യം നൽകി ആദരിച്ചത് പ്രശംസനീയമാണ്. ഈ വരദാനങ്ങൾക്കുടമ ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനും ഞങ്ങളുടെ ആത്മസുഹൃത്തുമയിരുന്നു എന്ന വസ്തുത അഭിമാനവും സന്തോഷവും നൽകിയിരുന്നു.

വിട്ടുപിരിഞ്ഞതിലുള്ള ദുഃഖം ചില സമയങ്ങളിൽ അണ പൊട്ടിഒഴുകാറുണ്ടെന്നുള്ള വസ്തുതയും രേഖപ്പെടുത്തട്ടെ. ദുഃഖഭാരത്തോടെയാണെങ്കിലും ഭൂതകാല സ്മരണകൾ എന്റെ സ്മൃതിപഥത്തിലേക്ക് ഓടിയെത്തുന്നു. 1974–ൽ കോട്ടയം സി.എം.എസ്. കോളേജിലെ സോഷ്യോളജി ക്ലാസ്സിന്റെ പടികയറി വന്ന ശുഭ്ര വസ്ത്ര ധാരിയായ യുവ വൈദികൻ താമസിയാതെ എല്ലാവരുടെയും കണ്ണിലുണ്ണിയായിതീർന്ന **K. I.** പോൾ അച്ചൻ. എന്റെ സഹോദരങ്ങളുടെയും വാർഡൻ ആയിരുന്നു അച്ചൻ, അച്ചൻ ഭർത്താവിന്റെ വാർഡൻ കൂടി ആയിരുന്നു എന്ന സത്യം വിവാഹശേഷമാണ് ഞാനറിയുന്നത്. അങ്ങനെ ഞങ്ങളുടെ കുടുംബവുമായുള്ള ബന്ധം കൂടുതൽ ഊഷ്മളവും സുദൃഢവുമായി. ബാവ ആയ ശേഷം 2012–ൽ മസ്കറ്റ് മഹാ ഇടവകയുടെ നാല്പതാം വാർഷികത്തോടനുബന്ധിച്ചുള്ള മീറ്റിങ്ങിൽ വച്ച് ബാവയുടെ സാന്നിധ്യത്തിൽ പഴയകാല സംഭവങ്ങൾ കോർത്തിണക്കി നർമത്തിൽ ചാലിച്ചു ചെയ്ത പ്രസംഗം ചിരിയുടെ മാലപ്പടക്കത്തിന് തിരികൊളുത്തി. ബാവ തിരുമേനിയോടൊപ്പം വന്നു ചേർന്ന സഭയിലെ വിശിഷ്ടാതിഥികളും ഒപ്പം കൂടി ആർത്തു ചിരിച്ചത് ഇന്നെന്ന പോലെ ഓർക്കുന്നു. അന്നത്തെ പബ്ലിക് മീറ്റിംഗ് കഴിഞ്ഞുള്ള മേശയിൽ ബാവ തിരുമേനി, യൂലിയോസ് തിരുമേനി, സഹോദരി സഭകളിലെ വൈദിക ശ്രേഷ്ഠർ എന്നിവർക്കൊപ്പം മേശ പങ്കിടുവാൻ സാധിച്ചത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത നിമിഷങ്ങളാണ്. മർത്തമറിയം സമാജം കോൺഫറൻസ്നോടനുബന്ധിച്ച് തിരുമേനിയോടൊപ്പം വേദി പങ്കിടാനും വേദിയിൽ പ്രസംഗിക്കുവാനും കിട്ടിയ അവസരങ്ങൾ ഭാഗ്യമായി കരുതുന്നു. 2012–ൽ സൺഡേ സ്കൂൾ പ്രിൻസിപ്പൽ ആയി സ്ഥാനം ഏറ്റെടുത്ത ശേഷം ഏകദേശം അഞ്ഞൂറോളം വരുന്ന കുഞ്ഞുങ്ങൾക്കൊപ്പം ഒപ്പം സ്നേഹവാത്സല്യങ്ങൾ പങ്കിടുകയും സൺഡേ സ്കൂളിന്റെ വിസിറ്റർ ഡയറി പരിശുദ്ധ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പിന്നീട് മസ്കറ്റ് സന്ദർശനവേളയിൽ പരുമല ഹോസ്പിറ്റലിന്റെ പണിയുമായി ബന്ധപ്പെട്ട മനഃക്ലേശത്തിലായിരുന്ന ബാവാ തിരുമേനിയോട്, കാതോലിക്ക ദിനത്തിൽ തന്റെ മനസ്സ് തുറന്നു സംസാരിക്കുവാൻ ആവശ്യപ്പെടുകയും തന്റെ ആടുകൾ നൽകിയ സഹകരണത്തിൽ സന്തുഷ്ടനായി പെസഹാ വ്യാഴാഴ്ച എന്റെ കുടുംബം ഒരുക്കിയ മേശ നന്നായി ആസ്വദിക്കുകയും ഒപ്പം നിന്ന് ഫോട്ടോ എടുക്കുകയും ചെയ്ത നിമിഷങ്ങൾ അവിസ്മരണീയമാണ്. ദേവലോകത്ത് പരിശുദ്ധ ബാവയെ സന്ദർശിക്കുമ്പോൾ ഒപ്പമിരുത്തി കുശലാന്വേഷണം നടത്താനും മഹാമനസ്കനായ ആ നല്ലയിടയനു ഒരു മടിയുമില്ലായിരുന്നു.

ഞങ്ങളുടെ സന്താപത്തിലും സന്തോഷത്തിലും ഞങ്ങളോടൊപ്പം ചേർന്ന് ഞങ്ങളെ ആശ്വസിപ്പിക്കുകയും ആഹ്ളാദം പങ്കിടുകയും ചെയ്തിട്ടുണ്ട്. 2019 ഓഗസ്റ്റ് 15ന് ശൂനോയോ പെരുന്നാൾ ദിനം പരിശുദ്ധ ബാവയിൽ നിന്ന് വിശുദ്ധ കുർബാന കൈക്കൊള്ളുവാൻ സാധിച്ചത് പുണ്യമായി കരുതുന്നു.

ഇരുപത്തിയഞ്ച് വർഷത്തെ സൺഡേസ്കൂൾ സേവനത്തിനുള്ള മെമന്റോ 2018 ഡിസംബർ 7–ന് അതും എന്റെ ജന്മദിനത്തിൽ തന്നെ നമ്മുടെ മഹാ ഇടവകയിൽ വച്ച് പുണ്യപിതാവിന്റെ തൃക്കരങ്ങളിൽ നിന്നെറ്റുവാങ്ങുവാൻ സാധിച്ചതും എന്റെ ഭാഗ്യമായി കരുതുന്നു. മലങ്കര സഭയുടെ മഹാപ്രഭാവത്തോട് അവസാനമായി സംസാരിച്ച ദിവസം ഇന്നും മായാത്ത ഓർമ്മകളായി മനസ്സിൽ നിൽക്കുന്നു, 2020 മാർച്ച് 15–ന് തിരികെ മസ്കറ്റിലേക്ക് പുറപ്പെടുന്നതിനു മുമ്പേ തിരുമനസിനെ ഫോണിൽ ബന്ധപ്പെട്ട് ഞങ്ങൾ രണ്ടു പേരും സംസാരിച്ച് പ്രാർത്ഥനകൾ നേർന്നു.

2021 ജൂലൈ 12 ഹൃദയത്തെ കീറിമുറിക്കുന്ന, ചങ്കിനെ പിടിച്ചുലയ്ക്കുന്ന ദുഃഖ വാർത്ത അത് എങ്ങും പരന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാ ഭാഗ്യ തേജസ് പരിശുദ്ധ മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ കാലം ചെയ്തു. വാവിട്ടു കരയാനല്ലാതെ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. അന്നേരം തൊട്ട് കബറടക്ക ശുശ്രൂഷകൾ ആദ്യാവസാനം വരെ കണ്ട് കണ്ണീരൊഴുക്കി പ്രാർത്ഥിക്കുകയും, തുടർന്നുള്ള 40–ത് ദിവസങ്ങളിലെ കുർബ്ബാനകളിൽ പങ്കെടുക്കുവാൻ സധിച്ചതും ഭാഗ്യം തന്നെ.

ഈ പുണ്യപിതാവിന്റെ സ്നേഹവാത്സല്യങ്ങൾ ആവോളം ആസ്വദിച്ച എന്റെ കുടുംബാംഗങ്ങൾക്കൊപ്പം ചേർന്ന് ആ മഹിതാചാര്യന്റെ സ്മരണയ്ക്കു മുൻപിൽ ഭക്ത്യാദരവുകൾ അശ്രുപൂക്കൾ ആയി സവിനയം സമർപ്പിക്കുന്നു.

**സഭയെ സേവിച്ചജപാലകനായി**
**ഉലകം വിട്ട മോർ പൗലോസ് ദിത്വീയൻ**
**ഓർക്കണമേ നിൻ പാവനബലിയിൽ !!**

**"ആചാര്യേശ്യ മശിഹ കൂദാശകളർപ്പിച്ചോരി**
**മഹിതാചാര്യ നേകുക പുണ്യം നാഥാ സ്തോത്രം"**

*"To live in the hearts of those we love is never to die"*



**M. P. VARGHESE**
24-10-2018
MANALIL

Inserted by:
**Roy Thomas & Family**
Parappattu Roy Villa, Thonniamala P.O., Pathanamthitta

---

*In Loving Memory of*



**Chinnamma Thomas**
06-11-2018

Inserted by:
**Roy Thomas & Family**
Parappattu Roy Villa, Thonniamala P.O., Pathanamthitta

---

**IN LOVING MEMORY OF OUR BELOVED PAPPA**



**PHILIP GEORGE**
Vayalirakkathu Puthen Veedu
Perumkuzhi, Vettikkavala, Kottarakkara

Inserted by:
**Allwin Philip, Asha Philip**
**Mariamma Philip**

---

"Blessed are the dead who die in the Lord from now on they will rest from their labors, for their deeds will follow them." (Rev 14:13)

5th Death Anniversary

**IN LOVING MEMORY OF OUR BELOVED PAPPA**



**KOLLANNUR ITTOOP ITTOOP**
(Died on 14-10-2016)

A tribute of love from:
Sisily Ittoop (Wife), Vinsent I Kollannur (Son), Vincy I Kollannur (Daughter), Bitha Vinsent, Pratheesh Mooleppat (In-Laws) and Grand children,
Kollannur House, Kunnamkulam

# മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക മസ്കറ്റ്




## ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെ 119–ാം ഓർമ്മപ്പെരുന്നാൾ

**2021 നവംബർ 4, 5 തീയതികളിൽ**

## പെരുന്നാൾ പതിപ്പ്




### പെരുന്നാൾ കൊടിയേറ്റ്





പരിശുദ്ധ പരുമല തിരുമേനിയുടെ 119–ാം ഓർമ്മപ്പെരുനാളിനും 49–ാം ഇടവക ദിനാചരണത്തിനും തുടക്കം കുറിച്ചുകൊണ്ട് 2021 ഒക്ടേബർ 29–ന് വെള്ളിയാഴ്ച വി. കുർബാനക്ക് ശേഷം വികാരി ബഹുമാനപ്പെട്ട വർഗ്ഗീസ് റ്റിജു ഐപ്പ് അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ കൊടിയേറ്റ്  നടത്തപ്പെട്ടു.

# വിശുദ്ധന്റെ തീർത്ഥാടനം



— ബിജു ജോൺ തേവലക്കര (Church ID: B 230)

കൊച്ചോയിപോരയിൽ നിന്നും പരിശുദ്ധ പരുമല തിരുമേനിയിലേക്ക് ഉള്ള തീർത്ഥാടനം ചത്തുരുത്തി തറവാടിൽ നിന്നും പരുമല പള്ളിയുടെ തിരുമുറ്റത്ത് എത്തി നിൽകുന്നു... ലോകം എങ്ങും ഈ മഹാ പരിശുദ്ധന്റെ പേരും പെരുമയും പ്രാർത്ഥനയും മധ്യസ്ഥതയും കേൾക്കുന്നു പരുമല ദേശത്തെ വിശുദ്ധിയുടെ വിളനിലം ആക്കി മാറ്റിയ ഈ പരിശുദ്ധന്റെ ജീവിതനാൾ വഴിയിലൂടെ ഒരു യാത്രയാണ്...

പ്രാർത്ഥനയും പ്രവർത്തനവും ജീവിതത്തിൽ ഒരുപോലെ സമന്വയിപ്പിച്ച് വിശുദ്ധനായ സാമൂഹിക പരിഷ്കർത്താവ്, തന്റെ സമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ മഹത്വം മനസ്സിലാക്കുവാൻ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശുദ്ധ പരുമല തിരുമേനി സ്ഥാപിച്ചു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ഉന്നമനം ആയിരുന്നു പരിശുദ്ധ പരുമല തിരുമേനിയുടെ ലക്ഷ്യം. അയിത്തത്തിനും തൊട്ടുകൂടായ്മയ്ക്കും ജാതിവ്യവസ്ഥയ്ക്കും പൂർണമായും എതിരായിരുന്നു പരിശുദ്ധ പരുമല തിരുമേനി തന്റെ സഹജീവികളെ തുല്യതയോടെ കാണുവാൻ ഈ നവോത്ഥാന നായകന് കഴിഞ്ഞു എന്നുള്ളത് ഈ തലമുറയും സമൂഹവും വിസ്മരിച്ചു പോകുന്നു മന്നത്ത് പത്മനാഭന്റെയും ശ്രീനാരായണഗുരുവിനെയും മഹാനായ അയ്യങ്കാളിയും പോലെ സാമൂഹിക പരിഷ്കരണത്തിന് നേതൃത്വം നൽകിയ യുഗപുരുഷന്റെ ജീവിതത്തിൽനിന്നും ലാളിത്യവും ദാരിദ്ര്യവും പ്രാർത്ഥനയും എളിമയും പകർത്തിയ സന്യാസിവര്യൻ ഈ തലമുറയ്ക്കും വരും തലമുറയ്ക്കും ജ്വലിക്കുന്ന വഴിവിളക്കായി ജ്വലിക്കും എന്നതിൽ സംശയമില്ല. ഈ വിശുദ്ധനെ തേടിവന്ന ആരെയും വെറുംകയ്യോടെ അയച്ചിട്ടില്ല വിശപ്പും ദാഹവും അനുഗ്രഹവും തേടാത്ത ഒരു മനുഷ്യനും പരുമലയുടെ മണ്ണ് വിട്ടുപോയിട്ടില്ല സഹനവും പ്രാർത്ഥനയും ജീവിതത്തിൽ സമന്വയിപ്പിച്ച് വിശുദ്ധ ജീവിതത്തിലേക്കു നയിക്കുന്നു. പെരുന്നാളുകൾ കേവലം ആഘോഷങ്ങൾക്കും ആർഭാടങ്ങൾക്കും അപ്പുറം നോമ്പിന്റെയും ഉപവാസത്തിന്റെയും ദാനധർമ്മങ്ങളുടെയും പങ്കുവക്കലിന്റെയും അനുഭവവും ലോകരക്ഷിതാവ് നമ്മെ പഠിപ്പിച്ച വചനവും ജീവിതവും കാണിച്ചുതന്ന മഹാപരിശുദ്ധന്റെ മധ്യസ്ഥതയും പ്രാർത്ഥനയും ഈ ലോകത്ത് പ്രചരിപ്പിക്കാനുള്ള വലിയ ദൗത്യം നാം ഏറ്റെടുക്കണം മലങ്കരയുടെ മഹാ പരിശുദ്ധനായ നവോത്ഥാനനായകൻ യുഗപുരുഷൻ സാമൂഹികപരിഷ്കർത്താവ് എന്റെ ജീവിതവും ചിന്തകളും വീക്ഷണങ്ങളും പ്രാർത്ഥനകളും എന്നിലും നിന്നിലും അണയാത്ത വെളിച്ചമായി നന്മയായി എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു മഹാപരിശുദ്ധനായ പരിശുദ്ധ പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നു.

FAVOURS RECEIVED



Inserted by

AJI THOMAS & Family

Kizhakkantaviduthu (H), Puthenangady P.O,

പരിശുദ്ധ പരുമല തിരുമേനി

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!



Inserted by

Erappuzha Saban & Family

Mundacav, Chenganur P.O.



# മാർ യാക്കോബ് മഫസ്കോയുടെ തിരുശേഷിപ്പും പരിശുദ്ധ പരുമല തിരുമേനിയും



— വിൻസന്റ് കൊല്ലനൂർ (Church ID: V 131)

പുരാതന പേർഷ്യയിൽ ക്രിസ്ത്യാനിയായി ജനിച്ച യാക്കോബ്, രാജപ്രീതിക്കായി ക്രിസ്തീയ വിശ്വാസം ത്യജിച്ചുവെങ്കിലും, സ്വന്തം മാതാവിന്റെയും ഭാര്യയുടെയും പ്രേരണയാൽ ക്രിസ്തീയ സത്യ വിശ്വാസത്തിലേക്ക് മടങ്ങി വന്നു. ഇതറിഞ്ഞ രാജാവ് (ഷാ ബഹ രാം അഞ്ചാമൻ) ക്രിസ്തീയ വിശ്വാസം ത്യജിക്കുവാൻ ആവശ്യ പ്പെട്ടെങ്കിലും, ഇദ്ദേഹം അതിന് വിസ്സമതിച്ചു. ഇതിൽ കോപിഷ്ട നായ രാജാവ് ഇദ്ദേഹത്തിന്റെ അവയവങ്ങൾ ഓരോന്നായി ഛേദി ക്കുവാനുള്ള കഠിന ശിക്ഷാവിധി കൽപ്പിച്ചു. കാൽ വിരൽ മുതൽ 28 കഷ്ണങ്ങളായി ശരീരം നുറുക്കപ്പെട്ടിട്ടും അദ്ദേഹം ക്രിസ്തീയ സത്യവിശ്വാസം ത്യജിക്കുവാൻ തയ്യാറായില്ല. അവസാനം ശിരസ്സ് ഛേദിക്കപ്പെട്ട് AD 421-ൽ രക്തസാക്ഷിയായി, പരിശുദ്ധന്മാരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ട ഇദ്ദേഹത്തെ, അംഗവിഛേദം ചെയ്യ പ്പെട്ട യാക്കോബ് (സുറിയാനിയിൽ മാർ യാക്കോബ് മഫസ്ക, ഇംഗ്ലീഷിൽ Saint James the Mutilated) എന്ന് അറിയപ്പെടുവാൻ തുടങ്ങി.

പേർഷ്യയിലെ ബേത്ത് ഹുസായിയിൽ ജനിച്ച ഒരു സിറിയൻ ക്രിസ്ത്യൻ സന്യാസിയാണ് വിശുദ്ധ ജെയിംസ് ദി മ്യൂട്ടിലേറ്റഡ് & മോർ യാക്കൂബ് മാഫസ്കോ സഹദ (മരണം 421) എന്നും അറിയപ്പെടുന്ന വിശുദ്ധ ജെയിംസ് ഇന്റർസിസസ്. ലാറ്റിൻ പദമായ 'കഷണങ്ങളായി മുറിക്കുക' എന്നതിൽ നിന്നാണ് അദ്ദേഹത്തിന്റെ വിശേഷണം, ഇന്റർസിസസ്, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വ രീതിയെ സൂചിപ്പിക്കുന്നു: അവൻ പതുക്കെ ഇരുപത്തെട്ട് കഷണ ങ്ങളായി മുറിച്ചു. അദ്ദേഹത്തിന്റെ മരണം റോമൻ-സസാനിഡ് യുദ്ധം ആരംഭിച്ചു (421-422).

ബേത്‌ലാപറ്റിൽ (ഗുണ്ടിഷാപൂർ) അദ്ദേഹം കൊല്ലപ്പെട്ടു. ഈ നഗര ത്തിന്റെ അവശിഷ്ടങ്ങൾ ഇറാനിലെ ദെസ്ഫുലിനടുത്താണ്. വധ ശിക്ഷ നടപ്പാക്കിയപ്പോൾ, ശിരഛേദം ചെയ്യപ്പെടുന്നതുവരെ കൈ കാലുകളുടെ നഷ്ടം അദ്ദേഹം അതിജീവിച്ചു. അദ്ദേഹത്തിന്റെ അനു യായികൾ അദ്ദേഹത്തിന്റെ ശരീരഭാഗങ്ങൾ അവശിഷ്ടങ്ങളായി അഭ്യർത്ഥിച്ചു, എന്നാൽ ഈ അഭ്യർത്ഥന നിരസിക്കപ്പെട്ടു, അതി നാൽ അവർ ശരീരഭാഗങ്ങൾ മോഷ്ടിച്ചു, അത് എങ്ങനെയെങ്കിലും ബ്രാഗയിലെ പോർച്ചുഗീസ് കത്തീഡ്രലിലേക്ക് അയച്ച് അവശിഷ്ട ചാപ്പലിൽ ഒരു സാർകോഫാഗസിൽ ഇട്ടു. ജെയിംസിന്റെ കഥ ദി ഗോൾഡൻ ലെജന്റിൽ വിവരിക്കുന്നു.

ജറുസലേമിലെ അർമേനിയൻ ക്വാർട്ടറിലെ സെന്റ് ജെയിംസ് ഇന്റർസിസസിന്റെ പള്ളി അദ്ദേഹത്തിന് സമർപ്പിക്കപ്പെട്ടു. സിറേ സിയിലെ സെന്റ് ജേക്കബ് പേർഷ്യൻ മൊണാസ്ട്രി, സ്ട്രോണി മോൾഡോവ, ലെബനനിലെ ഡെഡ്ഡയിലുള്ള സെന്റ് ജേക്കബ് പേർഷ്യൻ മഠം, സിറിയയിലെ ഖാറയിലെ സെന്റ് ജയിംസ് ദി മ്യൂട്ടിലേറ്റഡ് മഠം എന്നിവയെല്ലാം അദ്ദേഹത്തിന് സമർപ്പിക്കുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമൻ തിരു മേനിയും, പരുമല ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയും ചേർന്ന് കുന്നംകുളംത്തിന് അടുത്തുള്ള പെങ്ങാമുക്കിൽ കുരിശു പള്ളിക്ക് ശിലാസ്ഥാപനം നടത്തുകയും യാക്കോബ് മഫസ്കോ യുടെ തിരുശേഷിപ്പ് (വിരലിലെ അസ്ഥി) ഒരു സ്വർണ്ണച്ചെപ്പിലാക്കി ഇതിൽ സ്ഥാപിക്കുകയും ചെയ്തു.

1897-ൽ കേരളത്തിലെ തൃശൂർ ജില്ലയിലെ കുന്നംകുളംത്തിന് അടു ത്തുള്ള പെങ്ങാമുക്കിൽ സ്ഥാപിച്ച ഈ കുരിശുപള്ളി, യാക്കോബ് മഫസ്കോയുടെ തിരുശേഷിപ്പ് ഉള്ള മലങ്കരയിലെ ഏക ദേവാല യമായി, വിശ്വാസികൾക്കും, ദേശത്തിനും ദൈവീക അനുഗ്രഹ ങ്ങൾ ചൊരിഞ്ഞു കൊണ്ട് നിലകൊള്ളുന്നു.

മാർ യാക്കോബ് മഫസ്കോ സഹദാ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ !!!


**കുരിശുപള്ളി പെരുന്നാൾ: ഡിസംബർ 9, 10**

മാർ യാക്കോബ് മഫസ്കോ സഹദായുടെ മദ്ധ്യസ്ഥത അപേക്ഷി ച്ചു കൊണ്ടുള്ള പ്രത്യേക വി.കുർബ്ബാന എല്ലാ മാസത്തിലെയും ആദ്യത്തെ ശനിയാഴ്ച കാലത്ത് 7 മണിക്ക് നടത്തപ്പെടുന്നു.



സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് സിറിയൻ പഴയ പള്ളി, പെങ്ങാമുക്ക്, കുന്നംകുളം


## FAVOURS RECEIVED




Inserted by

**Anu Johny & Family**

Kathadathu Anu Bhavan, Peringanad P.O, Adoor

## FAVOURS RECEIVED




Inserted by

**Littu Vempala Varghese**

Perumpuzha (H), Puthuppally P.O, Kottayam

## FAVOURS RECEIVED




Inserted by

**Binu Kunchattil & Family**

Kunchattil (H), Thazhakara P.O, Vazhuvady, Mavelikara

## FAVOURS RECEIVED




Inserted by

**George Kunjumon & Family**

Makkattu - Charuvila Veedu, Perinad P.O.

## FAVOURS RECEIVED



Inserted by

**George Thomas & Family**

Mangalavilla, Kundara P.O., Kollam



## FAVOURS RECEIVED



Inserted by

**Giji P. Thomas & Family**

Puthuparambil (H), Devagiri P.O, Kangazha, Kottayam

## FAVOURS RECEIVED



Inserted by

**John P. Luke & Family**

Peace Cottage, Nallila P.O.

## FAVOURS RECEIVED



Inserted by

**Sabu Chandy & Family**

Kallamonthara Crystal House, Venmony, P. O. Chengannur

## പെരുന്നാൾ ആശംസകൾ



Inserted by

**John Thomas (Sajan) & Family**

John Villa, Paranthal P.O.

*(From Page 9 ...)*

## THE KIND AND COURAGEOUS

His Holiness' social genius was evident when he targeted internet addiction among youngsters as well as adults. He exhorted the faithful to observe cyber fasting on Good Fridays. He launched a community-wide austerity drive to nudge the people away from excessive consumerism. More recently, the church started offering monthly pensions to widows in need. His contributions in the field of ecumenism made him a notable figure in the international arena. He worked to promote cooperation with the Oriental Orthodox churches. The cooperation among Armenian, Ethiopian, Greek, Russian and Coptic Orthodox Churches was a major development of this century. He strengthened the relationship with the Catholic Church when he visited Pope Francis in the Vatican. These events, the acts of my Holy Father, the list goes on.

It's an impossible task, of course, what can you say about your father in just a few pages? How do you sum up a life in that short a space of time? I don't really know. In conclusion, His words were always understandable for people of all ages. He never failed to deliver a positive message. He always taught us to try our best to live out Jesus' example. He explained what Jesus wanted us to do. His Holiness never failed to answer all of our many questions. He had all the qualities that we look for in a High Priest, a Spiritual leader, and I hold all the things he told me, close to my heart.

I have always and will always look up to him as a kind and courageous soul, who has set great examples in the benevolence of Church's development. I firmly believe that he has had the similar impact on the lives of others as he has had on me. I can only say the words that I'm sure He heard when His Holiness met His Lord, "Well done, good and faithful servant. Well done."

*(പേജ് 11-ൽ നിന്നും തുടർച്ച)*

## ഓർമ്മകളുടെ ചെപ്പിൽ എന്റെ തിരുമേനി

എപ്പോഴും മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിക്കുന്നതിനോട് അശേഷം ഇഷ്ടമില്ലതിരുന്ന ഒരു പ്രകൃതമായിരുന്നു തിരുമേനിയുടേതു. എല്ലാ മേഖലകളിലും സ്വന്തം കാലിൽ നാം നിൽക്കണം. സ്കൂളുകൾ സ്ഥാപിച്ചതിന്റെ പിന്നിലും ഈ ലക്ഷ്യം ഉണ്ടായിരുന്നു. ഓരോ സ്കൂളുകളും സ്വയം പര്യാപ്തത കൈവരിച്ചു കഴിയുമ്പോൾ ബാക്കി വരുന്ന പണം വികസന പ്രവർത്തനങ്ങൾ വേണ്ട സ്ഥലങ്ങളിലേക്ക് നൽകുന്നതിനും അതോടൊപ്പം ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ക്ഷേമപ്രവർത്തനങ്ങൾക്കായി പണം ചെലവഴിക്കണം, സേവന പ്രവർത്തനങ്ങൾ ചെയ്യണം ഇതായിരുന്നു തിരുമേനിയുടെ ആശയം.

### മാർ തേവോദോസിയോസും ഗ്രാമീണ മിഷനും

ഗ്രാമീണ പശ്ചാത്തലത്തിൽ ജീവിച്ചുവളർന്നതു കൊണ്ട് ഉത്തര ഭാരതത്തിൽ വന്ന് അവിടെയുള്ള ഗ്രാമീണരുടെ തികച്ചും ശോച്യാവസ്ഥ കണ്ട് മനസ്സിലാക്കിയപ്പോൾ ആ മനസ്സ് വിങ്ങി. ആദ്യം സ്വന്തം അരമനയിൽ ജോലിയെടുത്തവരുടെ കുഞ്ഞുങ്ങളെ കൂട്ടി അവർക്കു അക്ഷരം പറഞ്ഞു കൊടുക്കുന്നതിനു ക്രമീകരണം ചെയ്തു. പിന്നീട്, അടുത്തുള്ള ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിച്ചു. 'അഭയ നികേതൻ' മക്കോഡിയ മിഷൻ ഇതിൽ പ്രധാന സ്ഥാനം വഹിക്കുന്നു. ഇരുന്നൂറിൽപ്പരം ഗ്രാമങ്ങളിൽ തികച്ചും ആദിവാസി മേഖലകളിൽ സേവന പ്രവർത്തനങ്ങൾ എത്തിക്കുന്നതിന് ആ പുണ്യാത്മാവിനു കഴിഞ്ഞു. ഓരോ ഗ്രാമങ്ങളിലും ബാലവാടികളും, പത്ത് ഗ്രാമങ്ങളുടെ ഇടയിൽ ചെറിയ സ്കൂൾ, സ്വയം തൊഴിൽ പരിശീലന കേന്ദ്രം, മൊബൈൽ ക്ലിനിക്, ശൈശവ മരണനിരക്ക് കുറയ്ക്കുന്നതിന് അവബോധന ക്ലാസ്സുകൾ, സ്വയം സമ്പാദ്യ പരിശീലന പരിപാടി, ധാന്യ ബാങ്കുകൾ ഇങ്ങനെ പോകുന്നു ആ നീണ്ടനിര. ജബൽപ്പൂരിന് അടുത്തുള്ള സമത്പിപ്പിരിയാ ഗ്രാമം ഭൂകമ്പ കെടുതിയിൽ അകപ്പെട്ടപ്പോൾ ആ ഗ്രാമം ദത്തെടുത്തു എല്ലാവർക്കും ഭവനങ്ങൾ പുതുതായി നിർമ്മിച്ചു നൽകി, അവിടെ കമ്മ്യൂണിറ്റി ഹാളും ഹെൽത്ത് സെൻററും പണിതു നൽകി.

താൻ സ്ഥാപിച്ച എല്ലാ സ്കൂളിലും പഠിക്കാൻ മിടുക്കരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഗണന നൽകി അവരെ സൗജന്യമായി പഠിപ്പിച്ചിരുന്നു. അഭയ നികേതൻ മാതൃകയിൽ അനേക ഗ്രാമങ്ങളിലേക്കും, ചേരിപ്രദേശങ്ങളിലേക്കും സേവനം വ്യാപിപ്പിക്കുന്നതിന് ആ പിതാവ് ആഗ്രഹിച്ചിരുന്നു. അത് യാഥാർഥ്യമായി തീരുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

### തിരുമേനിയുടെ അന്ത്യനാളുകൾ

ഇഹലോകാവാസം വെടിയുന്നതിന് മുമ്പുള്ള ഏതാനും ദിവസങ്ങൾ തിരുമേനി വാചാലനായിരുന്നു. ഉത്തര ഭാരത മിഷന് ഒന്നാം സ്ഥാനം; നാഗപൂർ സെമിനാരിയിൽ നിന്നും പഠിച്ചിറങ്ങുന്നവർ പ്രത്യേകിച്ച് തന്റെ ഭദ്രാസനത്തിലുള്ളവർ ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്; മിഷൻ പ്രവർത്തനങ്ങളിൽ കൂടുതൽ വ്യാപൃതരാകുന്നതിനെപ്പറ്റി ആഗ്രഹിച്ചിരുന്നു. ഉത്തരഭാരതത്തിൽ അങ്ങനെ സഭയുടെ അസ്ഥിത്വം സ്ഥാപിക്കണമെന്ന്, കാലം ചെയ്യുന്നതിന്റെ തലേന്ന് ഒപ്പമുണ്ടായിരുന്ന ഏറ്റവും സ്നേഹിച്ചിരുന്ന രാജു അച്ചനോടും അബു അച്ചനോടും വളരെ നേരം ഫോണിൽ കൂടെ സംസാരിച്ചിരുന്നു. വ്യക്തിപരമായ ആഗ്രഹങ്ങൾ ഒന്നും പറഞ്ഞിരുന്നില്ല. ആരെയും കഷ്ടപ്പെടുത്താതെ പോകണം. തന്റെ ഭദ്രാസനം, മിഷൻ പ്രവർത്തനങ്ങൾ ഇവ മാത്രമായിരുന്നു, ആ മനസ്സിലെ ചിന്തയിൽ അന്ത്യ നിമിഷങ്ങളിൽ പോലും.

### ലഭ്യമായ മഹാഭാഗ്യം

ഓർക്കുമ്പോൾ ഇന്നും കണ്ണുകൾ നിറയാറുണ്ട്. 2007 ഒക്ടോബർ മാസാവസാനത്തിൽ മസ്കറ്റ് എയർപോർട്ടിൽ സ്വീകരിച്ചതും തിരികെ തിരുമേനിയുടെ ഭൗതീക ശരീരത്തോടൊപ്പം യാത്ര ചെയ്തത് എല്ലാമെല്ലാം വിങ്ങലോടെയാണ് ഇന്നും ഓർമ്മയിൽ എത്തുന്നത്. അന്ത്യ നിമിഷങ്ങളിൽ കിടക്കയുടെ അരികിലിരുന്ന് പ്രാർത്ഥിക്കുവാനും കാലുകളിലും കൈകളിലും തലോടുവാനും മാറിടത്തിൽ അമർത്തി തിരുമ്മുവാനും ദൈവം നൽകിയ ആത്മാവും ജീവനും പറന്നുയരുന്നതിന് സാക്ഷിയാകുവാനും ദൈവം തമ്പുരാൻ അവസരം നൽകി. ഇതിലുപരി എന്ത് ഭാഗ്യമാണ് മനുഷ്യ ജീവിതത്തിൽ ലഭ്യമാകേണ്ടത്. വാക്കുകൾ ഒന്നും ഇല്ലായിരുന്നു അപ്പോൾ വിങ്ങലുകളും തേങ്ങലുകളും മാത്രമായിരുന്നു.

ഒരു മഹാ പുണ്യാത്മാവ് കലായവനികക്കുള്ളിലേക്ക് മാറിയപ്പോൾ നമുക്ക് നൽകിയ ഒട്ടേറെ നല്ല മാതൃകകൾ ആ ജീവിതം മുഴുവനും നൽകിയ പ്രചോദനങ്ങൾ... ആ പാത പിന്തുടരുവാൻ വരും തലമുറയ്ക്ക് പകർന്നു നൽകുവാൻ.. ഇങ്ങനെയുള്ള മഹാരഥന്മാർ ഈ സഭയിൽ ഭരണം നടത്തിയിരുന്നു, നേതൃത്വം നൽകിയിരുന്നു എന്ന് ഇതിനൊക്കെ സാക്ഷ്യം വഹിച്ച നമുക്ക് സാധിക്കണം. ഇന്നും അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനിയുടെ ഓർമ്മകൾ എന്നിൽ ജീവിക്കുന്നു. ഓർമ്മകൾ വെറും ഓർമ്മകളല്ല ജീവിന്റെ തുടിപ്പുകളായി...

# LOVE YOUR EYES



— **Dr. Mathew Varghese, FRCS (Glasg)**
*Ophthalmologist, Rustaq Hospital*

Nearly everyone in the planet will experience an eye health issue in their life time.

World Sight Day is the annual day of awareness held on the second Thursday of October, to focus global attention on vision impairment including blindness. This year, World Sight Day was on October 14th, 2021 with the theme #Love Your Eyes.

Globally 295 million people are living with moderate to severe visual impairment and 80 % of them can be cured. Several people around the globe are functionally blind because they don't have access to eye examinations and glasses.

Vision impairment affects people of all ages with the majority being over the age of 50 years.

Vision impairment and blindness can have major and long lasting effects on all aspects of life including daily personal activities, interacting with community, school and work opportunities.

Un-operated cataract and uncorrected refractive errors are among the leading causes of vision impairment. Other causes include Age Related Macular Degeneration, Glaucoma, Diabetic Retinopathy, infectious diseases of the eye and trauma.

Digital eye strain is a common issue faced by many during the pandemic. While technology is a boon, over usage of it may result in damages. Your eyes are extremely sensitive and over exposure to blue light on a daily basis may lead to eye related issues like blurred vision, computer vision syndrome and digital eye strain.

Practicing these preventive measures can help protect your eyes from the possible side effects of increased screen time.

1. **An anti-reflective coating glass is helpful for those who use digital devices for long duration.**
2. **Blinking frequently should be practiced to keep eyes clean and lubricated.**
3. **Adjust the digital screen brightness according to the lighting around you to avoid eye strain.**
4. **Practice rule of 20:20:20; ie – you have to look away from the screen every 20 minutes at an object 20 feet away for 20 seconds. This will help to relax the ocular muscles and give rest to your eyes.**



5. **Sit at an arm's length from the screen and place it below eye level.**

On this World Sight Day, there is a need to spread the message of Hope. When you give someone the gift of sight, you are not just helping one person to see again, you are supporting an entire community. This day is observed to celebrate achievements to date and advocate for increased attention towards eye care. Regular eye checks can ensure the early detection and management of diseases that can lead to blindness. Our eyes can also tell us so much about our general health. Eye examinations can even uncover other health conditions such as diabetes, cancer, high blood pressure and cholesterol levels.

On this World Sight Day, let us pledge to follow the theme #Love Your Eyes. It is all about being aware of your eye health.

- **Have an eye test as soon as you can.**
- **Don't ignore changes in your vision.**
- **Maintain your ongoing treatment if you have an existing eye condition.**
- **Eat healthy, nutritious food.**

Your eyes are an important organ and should never be taken for granted.

# കുട്ടനാടൻ താറാവുകറി



— ജിൻസി ഏബ്രഹാം (Church ID: A-326)


## ചേരുവുകൾ

| | |
|---|---|
| • താറാവ് | 1 **kg** |
| • ചെറിയ ഉള്ളി | 150 **gm** |
| • സവാള | 1 എണ്ണം |
| • ഇഞ്ചി | ഒരു വലിയ കഷണം |
| • വെളുത്തുള്ളി | 15 അല്ലി |
| • മുളകുപൊടി | 2 വലിയ സ്പൂൺ |
| • മല്ലിപൊടി | 2 വലിയ സ്പൂൺ |
| • കുരുമുളകുപൊടി | 1 ചെറിയ സ്പൂൺ |
| • മഞ്ഞൾ പൊടി | 1 ചെറിയ സ്പൂൺ |
| • ഗരംമസാല പൊടി | 1 വലിയ സ്പൂൺ |
| • കടുക് | 1 ചെറിയ സ്പൂൺ |
| • വെളിച്ചെണ്ണ | ആവശ്യത്തിന് |
| • ഉപ്പ് | ആവശ്യത്തിന് |
| • കറിവേപ്പില | ആവശ്യത്തിന് |
| • തേങ്ങ വറുക്കാൻ (നീളത്തിൽ അരിഞ്ഞത്) | ആവശ്യത്തിന് |



## പാചകം ചെയ്യുന്ന വിധം

ഒരു ചീനച്ചട്ടി അടുപ്പിൽവച്ചു ചൂടാകുമ്പോൾ ആവശ്യത്തിന് എണ്ണയൊഴിക്കുക. എണ്ണചൂടാകുമ്പോൾ കടുക് ഇടുക . കടുക് പൊട്ടിയശേഷം അരിഞ്ഞു വച്ചിരിക്കുന്ന തേങ്ങ ഇട്ടുകൊടുക്കുക. തേങ്ങ ഇളം ചുവപ്പുനിറമാകുമ്പോൾ അതിലേക്ക് അരിഞ്ഞുവച്ചിരിക്കുന്ന ചെറിയ ഉള്ളി, സവാള എന്നിവ ചേർത്ത് ഇളക്കുക. ഇവ നന്നായി വഴന്നു കഴിയുന്നമ്പോൾ അരിഞ്ഞുവച്ചിരിക്കുന്ന ഇഞ്ചിയും, വെളുത്തുള്ളിയും ഇട്ടു കറിവേപ്പിലയും ചേർത്തു മൂപ്പിക്കുക. ഇതിലേക്ക് മുളകുപൊടി, മല്ലിപൊടി, മഞ്ഞൾപൊടി, ഗരം മസാലപ്പൊടി, കുരുമുളകുപൊടി എന്നിവചേർത്തു പച്ചമണം മറുന്നതുവരെ ഇളക്കുക. മസാല മൂത്തു കഴിയുമ്പോൾ അതിലേക്കു കഴുകി കഷണങ്ങളാക്കി വച്ചിരിക്കുന്ന താറാവ് ഇട്ടു നന്നായി ഇളക്കി കൊടുക്കുക. ആവശ്യത്തിന് ഉപ്പും വെള്ളവും ചേർത്ത് ചെറു തീയിൽ വേവിക്കുക. കറി കുറുകി വരുമ്പോൾ അടുപ്പിൽ നിന്നു മാറ്റുക.

IN LOVING MEMORY OF

**P.V. CHERIAN**
Palamattom House,
Kuttapuzha P.O., Thiruvalla

Inserted by:
Dr. Jibu Cherian, Dr. Anitha J. Cherian
Rithya Jibu Cherian & Johan Jibu Palamattom

## പഴയ നിയമം

1. ലോത്ത് ജീവ രക്ഷയ്ക്കായി ആയി ഓടിപ്പോയ സ്ഥലം?
2. കോപിച്ച് മുഖം വാടിയത് ആര്?
3. എതിരാളികൾ പുതക്കുന്ന പുതപ്പ് ഏത്?
4. ദുഷ്ടന്മാരുടെ രക്തത്തിൽ കാലു കഴുകുന്നത് ആര്?
5. ഹൃദയ നിഗളത്താൽ നാശം സംഭവിച്ചത് ആർക്ക്?
6. എവിടുത്തെ തിരശ്ശീലകളാണ് ആണ് വിറക്കുന്നത്?
7. എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ എന്ന് പറഞ്ഞതാര്?
8. സമയം തെറ്റി വരുന്നവൻ എന്ന് പേര് പറയുന്നത് ആർക്ക്?
9. ഉഗ്രതയും വേഗതയും ഉള്ള ജാതി?
10. ദൈവത്തിന്റെ ഉത്തരം ഇല്ലാത്തതു കൊണ്ട് വായ് പൊത്തുന്നത് ആര്?

## പുതിയ നിയമം

11. കെടാത്ത തീയിൽ ഇട്ടു ചുട്ടു കളയുന്നത് എന്ത്?
12. പത്രോസിന്റെ കാൽക്കൽ വീണ് നമസ്കരിച്ചത് ആര്?
13. കഷ്ടം സഹിക്കേണ്ടത് ദൈവഹിതം ആണെങ്കിൽ അത് എപ്രകാരമായിരിക്കണം?
14. ഏക യാഗത്തിൽ സദാകാലത്തേക്കും സൽഗുണ പൂർത്തി വരുത്തുന്നത് ആർക്ക്?
15. യഹൂദ്യയിൽ ഹെരോദാവിനു പകരം വാഴ്ച്ച നടത്തിയത് ആര്?
16. പരീക്ഷയിലും കെണിയിലും കുടുങ്ങുന്നത് ആര്?
17. പലപ്പോഴും പൗലോസിൻറെ മനസ്സ് തണുപ്പിച്ച വ്യക്തി ആര്?
18. യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ വസ്ത്രം കീറിയത് ആര്?
19. ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു എന്ന് പറഞ്ഞതാര്?
20. ഒഴിഞ്ഞു പോകുന്നത് എന്ത്?

**Instructions:** 1) Members of the editorial board and their family members are excluded from the Bible Quiz Contest. 2) Answers must be submitted on or before 31st Dec. 2021. 3) Winners will be selected by a lucky draw if the right answers are more than one and the result will be published in the next edition. 4) The decision of the Vineyard Committee will be final.

In Loving Memory of Our Beloved Mummy



**SARAMMA PHILIP (MANI)**

(Ezhuthil, Karichal) 05-04-2018

W/o Late MATHEW PHILIP

Inserted by:

**DICKIE PHILIP MATHEW & FAMILY**

Kottayil Dickie Villa, Pattom P O, Trivandrum

**CONDOLENCES**



**Mr. JOSEPH VAIDYAN**

(Seeb/Al Hail North Area - Church ID: J 108)
Left for heavenly abode on 09.05.2021
We share the grief of the bereaved family
and may God Almighty console them.

**MAY HIS SOUL REST IN PEACE**

Vicar, Managing Committee Members
and all Parish Members.


Name: ....................................................

Age : ................ Parent name: ....................................

Church id: .................. Contact no.: .........................................





**Instructions:** 1) Children below 10 years only can participate. 2) Coloured image must be returned before 31st December. 3) Winner will be announced on the next edition. 4) The decision of the Vineyard committee will be final. 5) Participants must use crayons for colouring.




Name: ..........................................................................................................

Age : ............... Parent name: ...................................................................

Church id: ............................ Contact no.: ..................................................



## Questions

**RIGHT:**

1. Fill in the missing word: "Above all, taking the shield of ____, wherewith ye shall be able to quench all the fiery darts of the wicked." (Eph. 6:16)
2. Who took Jesus' body off the cross?Joseph of _____.
3. What is the name of the mountain on which Noah's Ark rested after the flood?
4. According to the Beatitudes, those who hunger and thrist for_______shall be filled.
6. According to Genesis 2:10-14, which among these four rivers is NOT a river that parted from the Garden of Eden- Pishon, Euphrates, Gihon and Ephraim?
9. According to 1 Kings 7:21, what were the names of the two pillars in Solomon's temple? Jachin and ___.
10. In which book of the Old Testament can we find the following verse: "In the sweat of your face you shall eat bread till you return to the ground, for out of it you were taken; For dust you are, and to dust you shall return."
12. In the second missionary journey, in which city were Paul and Silas imprisoned?
14. According to Ecclesiastes 12:13, what is the duty of man? Reverence for God and obey his ________.
19. In 2 Timothy 4:13, Paul asked Timothy to bring him two things while he was imprisoned in Rome. A cloak and a ____________?

**DOWN:**

5. Which was the city where the believers were first called Christians?
7. Fill in the missing word: 'Then Moses went up from the plains of Moab to Mount Nebo, to the top of ___________, which is across from Jericho.' (Deuteronomy 34:1)
8. What was the name of the island where St. Paul was shipwrecked?
10. Which wood was used by Noah to make the ark?
11. Which is the shortest book in the Old Testament?
13. In which language was the Old Testament written?
15. What was Matthew's profession at the time he was chosen as Jesus' disciple?
16. In the parable of the Good Samaritan, who was the first person to come across the injured man?
17. Who wrote the Acts of the Apostles?
18. Who was the only female judge of Israel?

**Instructions:** 1) Answers must be submitted before 31st Dec. 2021. 2) One family can submit only one answer. 3) Winner will be selected by lucky draw if the right answers are more than one. 4) Vineyard committee family members are not allowed to participate in the quiz. 5) Winner will be announced on the next edition. 6) The decision of the Vineyard committee will be final.

# ഡോ. മാത്യൂസ് മാർ സേവേറിയോസ് പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമി



മലങ്കര ഓർത്തഡക്സ് സുറിയാനി സഭയുടെ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി കണ്ടനാട് വെസ്റ്റ് ഭദ്രാസന ഇടയൻ ഡോ. മാത്യൂസ് മാർ സേവേറിയോസിനെ 2021 ഒക്ടോബർ 14-ന് പരുമലയിൽ കൂടിയ 57-ാമത് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഐകകണ്ഠേന പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു.

സഭാ മാനേജിംഗ് കമ്മറ്റിയുടെ ഏക നാമനിർദ്ദേശമായ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ 22-ാമത് മലങ്കര മെത്രാപ്പോലിത്തായായും 9-ാമത് കാതോലിക്കായുമായിട്ടാണ് അസോസിയേഷൻ യോഗം ഐക്യകണ്ഠേന തെരഞ്ഞെടുത്തത്.

അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടതായി സീനിയർ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമീസ് പ്രഖ്യാപിച്ചത് അസോസിയേഷൻ അംഗങ്ങൾ എഴുന്നേറ്റ് നിന്ന് കൈയ്യടിച്ച് അംഗീകരിച്ചു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ കാലം ചെയ്തതിനെ തുടർന്നുണ്ടായ ഒഴിവിൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം തൽസമയം തന്നെ ഡോ. മാത്യൂസ് മാർ സേവേറിയോസ് ഏറ്റെടുക്കുന്നതായി സീനിയർ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമീസ് പ്രഖ്യാപിച്ചു. തുടർന്ന് സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, വൈദീക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ ചേർന്ന് അഭിനവ മലങ്കര മെത്രാപ്പോലീത്തായെ പ്രസിഡന്റു തിരുമേനിയുടെ ഇരിപ്പിടത്തിനു സമീപത്തേക്ക് ആനയിച്ചു.

കുറിയാക്കോസ് മാർ ക്ലീമീസ്, സഖറിയാ മാർ അന്തോണിയോസ്, യൂഹാനോൻ മാർ മിലിയിത്തോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. സഖറിയാസ് മാർ അപ്രേം മലങ്കര മെത്രാപ്പോലീത്തായുടെ സ്ഥാന ചിഹ്നങ്ങൾ ഓരോന്നായി ധരിപ്പിച്ചു. പരുമലയിൽ നടന്ന 57-ാമത് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം ലോക ക്രിസ്തീയ സഭകളിലെ ഏറ്റവും വിപുലമായ ജനാധിപത്യ പൊതുയോഗമാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, എല്ലാ പള്ളി പ്രതിപുരുഷന്മാർക്കും ഒരേ സ്ഥലത്ത് ഒരേ സമയം ഒത്തുചേരാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത്, മെത്രാസന അടിസ്ഥാനത്തിൽ ആഗോള തലത്തിൽ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഒരുക്കിയ വിവിധ കേന്ദ്രങ്ങളിലായി നാലായിരത്തിൽ അധികം പ്രതിനിധികൾ 30 മെത്രാസനങ്ങളെയും, 1590 ഇടവകകളെയും പ്രതിനിധീകരിച്ച് 3091 അംഗങ്ങൾ ഹാജർ രേഖപ്പെടുത്തി അസോസിയേഷനിൽ പങ്കെടുത്തു.

# അഹമ്മദാബാദ് ഭദ്രാസനത്തിന്റെ ആരാധനാ വർഷ കലണ്ടർ പ്രകാശനം ചെയ്തു

അഹമ്മദാബാദ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ജ്യോതിസ് ആശ്രമം പ്രസിദ്ധീകരിക്കുന്ന ആരാധനാ വർഷ കലണ്ടർ 2021-22-ന്റെ പ്രകാശന കർമ്മം ദേവലോകം അരമന ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. അഹമ്മദാബാദ് ഭദ്രാസനാധിപൻ അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി യുൾപ്പെടെ അഭിവന്ദ്യ പിതാക്കൻമാരുടെ സാന്നിധ്യത്തിൽ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ, സീനിയർ മെത്രാപ്പോലീത്താ അഭി. കുരിയാക്കോസ് മാർ ക്ലീമീസ് തിരുമേനിക്ക് നൽകിക്കൊണ്ടാണ് പ്രകാശനം നിർവ്വഹിക്കപ്പെട്ടത്.



# പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സഭാമക്കൾ മുന്നിട്ടിറങ്ങണം: പ. കാതോലിക്കാ ബാവാ



കനത്തമഴയിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും നാശനഷ്ടമുണ്ടായ മുണ്ടക്കയം-കൂട്ടിക്കൽ പ്രദേശങ്ങളിൽ, കൂട്ടിക്കൽ താബോർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയും കൂട്ടിക്കൽ സെന്റ് ലൂക്ക് സി. എസ്. ഐ. പള്ളിയിലെ ദുരിതാശ്വാസ ക്യാമ്പും പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ സന്ദർശിക്കുകയും ആശ്വാസവചനമേകുകയും ചെയ്തു.

കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനി ദുരന്ത പ്രദേശങ്ങളും ജനങ്ങളുടെ പ്രയാസങ്ങളും പ്രശ്നങ്ങളും പരിശുദ്ധ പിതാവിനോട് വിവരിച്ചു. പ്രകൃതിദുരന്തത്തിൽ ഉറ്റവർ വേർപ്പെട്ടവരെ അനുശോചനം അറിയിക്കുകയും, വാങ്ങിപ്പോയവരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. കനത്തമഴയും മിന്നൽ പ്രളയവും മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം എത്തിക്കാൻ ഇടവകകളും യുവജനങ്ങളും ആത്മീയ സംഘടനകളും സത്വരമായി പ്രവർത്തിക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. പ്രളയദുരിതം അനുഭവിക്കുന്നവർക്ക് ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കണമെന്നും, ഭവനം നഷ്ടപ്പെട്ടവരെയും ദുരിതം അനുഭവിക്കുന്നവരെയും അടിയന്തിരമായി പുനഃരധിവസിപ്പിക്കാൻ ഓർത്തഡോക്സ് സഭയുടെ പാരീഷ്ഹാളുകളും അനുബന്ധ കെട്ടിടങ്ങളും വിട്ടുനൽകണമെന്നും പരിശുദ്ധ ബാവാ നിർദ്ദേശം നൽകി. രക്ഷാപ്രവർത്തനത്തിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും സർക്കാർ സംവിധാനങ്ങളോടും സന്നദ്ധ പ്രവർത്തകരോടും ഒപ്പം ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രവർത്തകരും മറ്റ് ആത്മീയ സംഘടനാ പ്രവർത്തകരും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് പരിശുദ്ധ ബാവാ ഓർമ്മിപ്പിച്ചു. ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങളുടെ ദുഖത്തിൽ പങ്കുചേരുന്നതായും കുടംബാംഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതായും പ. കാതോലിക്കാ ബാവാ പറഞ്ഞു.

ദുരന്തം അനുഭവിച്ചർക്കു വേണ്ട മലങ്കര സഭയുടെ കരുതൽ പ്രവർത്തനങ്ങളും അവശ്യ സഹായങ്ങളും ഉചിതമായത് ചർച്ച ചെയ്തു ഉടൻ തീരുമാനിക്കുമെന്ന് പരിശുദ്ധ പിതാവ് കൂട്ടിച്ചേർത്തു. ദുരന്തമേഖലയിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്ന ആത്മീയപ്രസ്ഥാനങ്ങളെ പരിശുദ്ധ പിതാവ് അഭിനന്ദിച്ചു.

# പരിശുദ്ധ പരുമല തിരുമേനിയുടെ 119-ാമത് ഓർമ്മപ്പെരുനാൾ



പരിശുദ്ധ പരുമല തിരുമേനിയുടെ 119-ാമത് ഓർമ്മപ്പെരുനാളില് ശ്ലൈഹിക വാഴ്വിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമികത്വം വഹിച്ചു.

അഭി. കുര്യാക്കോസ് മാർ ക്ലിമ്മീസ്, അഭി. സഖറിയാ മാർ അന്തോണിയോസ്, അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, അഭി. ഡോ .യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്, അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ്, അഭി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, അഭി. അലക്സിയോസ് മാർ യൗസേബിയോസ്, അഭി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, അഭി. ഡോ. യൂഹാനോൻ ദിമെത്രയോസ്, അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ്, അഭി. ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, അഭി. ഡോ. സഖറിയാസ് മാർ അപ്രേം എന്നീ മെത്രാപ്പോലിത്തമാർ പങ്കുകൊണ്ടു.

ഒക്ടോബർ 26-ാം തീയതി കൊടിയേറ്റിനും തുടർന്ന് നമസ്കരങ്ങൾക്കും മധ്യസ്ഥ പ്രാർത്ഥനകൾക്കും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയും, മെത്രാപ്പോലീത്തമാരും വൈദീകരും നേതൃത്വം നൽകി.

## പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ അനുസ്മരണം

മലങ്കര സഭയുടെ പരമാധ്യക്ഷനും പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനിയുടെ വിയോഗത്തിൽ നമ്മുടെ ഇടവകയുടെ ആഭിമുഖ്യത്തിൽ ഒമാനിലെ മറ്റ് ഓർത്തഡോക്സ് ഇടവകകളെ ഉൾപ്പെടുത്തി ഒരു Virtual അനുശോചന സമ്മേളനം 2021 ജൂലൈ 16–ന് വെള്ളിയാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം നടത്തപ്പെട്ടു. അനുശോചന സമ്മേളനത്തിൽ അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി മുഖ്യ പ്രഭാഷണവും മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അനുസ്മരണ പ്രഭാഷണവും നടത്തി. കൂടാതെ സഹോദരി സഭകളിലെ വൈദികർ മറ്റ് വിശിഷ്ട വ്യക്തികൾ ആത്മീയ സംഘടന പ്രതിനിധികൾ തുടങ്ങിയവർ അനുശോചന സന്ദേശം നൽകി.

## പാവന സ്മൃതി



മലങ്കര സഭയുടെ പരമാധ്യക്ഷനും പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനിയുടെ 40–ാം ഓർമ്മ ദിനവും അനുസ്മരണ സമ്മേളനവും 2021 ഓഗസ്റ്റ് 20–ന് വെള്ളിയാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം നടത്തപ്പെട്ടു. അനുസ്മരണ സമ്മേളനത്തിൽ കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്തയും ഇപ്പോഴത്തെ മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യുസ് തൃതീയൻ കാതോലിക്ക ബാവ തിരുമേനി മുഖ്യ പ്രഭാഷണം നടത്തി. മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ഡോ. ജോൺസ് എബ്രഹാം കോനാട്ട് അച്ചൻ മറ്റ് വിശിഷ്ട വ്യക്തികൾ തുടങ്ങിയവർ അനുസ്മരണ പ്രഭാഷണവും നടത്തി. കൂടാതെ നമ്മുടെ ഇടവകയോടുള്ള പ. പിതാവിന്റെ ബന്ധവും കരുതലും അനുസ്മരിക്കുന്ന ഒരു ഡോക്യുമെന്ററി പ്രദർശനവും നടത്തപ്പെട്ടു.

## യാത്ര അയപ്പ് സമ്മേളനം



കഴിഞ്ഞ മൂന്ന് വർഷത്തെ സ്തുത്യർഹ സേവനത്തിനു ശേഷം നാട്ടിലേക്കു യാത്ര ആകുന്ന വികാരി ബഹുമാനപ്പെട്ട മത്തായി അച്ചന് 2021 സെപ്റ്റംബർ 10 –ന് വെള്ളിയാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം യാത്ര അയപ്പ് സമ്മേളനം നടത്തി. പ്രസ്തുത സമ്മേളനത്തിൽ ഇടവക മെത്രാപോലിത്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് തിരുമേനി മുഖ്യ പ്രഭാഷണം നടത്തി. റവ. ഫാ. വർഗ്ഗീസ് റ്റിജു ഐപ്പ്, ഡോ. ഗീവർഗീസ് യോഹന്നാൻ, ബോബൻ മാത്യു തോമസ്, സാബു കോശി, കോശി എം. തരകൻ, ബിജു ജോർജ്ജ്, ജോസഫ് വർഗീസ് (ബിജു പരുമല), ജോൺ തോമസ് (സാജൻ), വർഗീസ് പി. അലക്സ്, സലോമി മറിയം തരകൻ, വിജി തോമസ് വൈദ്യൻ, അനീഷ് ജോൺ എന്നിവർ ആശംസകൾ അറിയിച്ചു.

## സ്വീകരണം



ഇടവകയിൽ പുതിയ വികാരി ആയി ചുമലത ഏൽക്കുന്ന ബഹുമാനപ്പെട്ട വർഗ്ഗീസ് റ്റിജു ഐപ്പ് അച്ചന് 2021 സെപ്റ്റംബർ 17–ന് വെള്ളിയാഴ്ച വിശുദ്ധ കുർബാനക്ക് ശേഷം സ്വീകരണം നൽകി.

## ശൂനോയോ നോമ്പും വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും

ഈ വർഷത്തെ ശൂനോയോ നോമ്പും വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും ആഗസ്ത് 12, 13, 14, തീയതികളിൽ നടത്തപ്പെട്ടു. 12, 13 തീയതികളിൽ നടത്തപ്പെട്ട കൺവെൻഷനിൽ വചന ശുശ്രൂഷക്കും മധ്യസ്ഥ പ്രാർഥനക്കും റവ. ഫാ. നോബിൻ ഫിലിപ്പ് നേതൃത്വം നൽകി. വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ആഗസ്ത് 14 ശനിയാഴ്ച വൈകുന്നേരം സെന്റ് തോമസ് ചർച്ചിൽ വച്ച് നടത്തപ്പെട്ടു. വി. കുർബാനക്കും ആശിർവാദത്തിനും ശേഷം നേർച്ച വിളമ്പും നടത്തപ്പെട്ടു.

## നവീകരിച്ച കുരിശിൻ തൊട്ടിയുടെ കൂദാശ



പരിശുദ്ധ പരുമല തിരുമേനിയുടെ നവീകരിച്ച കുരിശിൻ തൊട്ടിയുടെ കൂദാശ 2021 ഒക്ടോബർ 29 വെള്ളിയാഴ്ച വി. കുർബാനക്ക് ശേഷം നമ്മുടെ ഇടവക വികാരി ബഹുമാനപ്പെട്ട വർഗ്ഗീസ് റ്റിജു ഐപ്പ് അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

# കാൻസർ ചികിത്സാ സഹായ പദ്ധതിയുമായി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക




സാമ്പത്തിക ക്ലേശം മൂലം ചികിത്സയ്ക്ക് നിർവ്വാഹമില്ലാത്ത അർബുദ രോഗികൾക്ക് ചികിത്സാ സഹായവുമായി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക. ഇടവകയുടെ തണൽ ജീവകാരുണ്യ പദ്ധതിയിൽ “കാരുണ്യ സ്പർശം” എന്ന് നാമകരണം ചെയ്തിരിക്കുന്ന പദ്ധതിയിലൂടെ നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സക്കായി ഈ വർഷവും ധനസഹായം നൽകുന്നു.

പദ്ധതിയുടെ ഈ വർഷത്തെ ഉദ്ഘാടനം റൂവി സെന്റ് തോമസ് പള്ളിയിൽ വിശുദ്ധ കുർബ്ബാനാനന്തരം നടന്ന ചടങ്ങിൽ ഇടവക വികാരി ഫാ. വർഗ്ഗീസ് റ്റിജു ഐപ്പ് നിർവ്വഹിച്ചു. അർബുദ രോഗത്തിനുള്ള ചികിത്സാ ചിലവ് സാധാരണക്കാർക്ക് താങ്ങാവുന്നതിലുമധികമാണ്. ഈ സാഹചര്യത്തിലാണ് ഇടവക ഈ വർഷവും ഇത്തരത്തിലൊരു ഉദ്യമം ഏറ്റെടുത്തതെന്നും ഇടവക വികാരി പറഞ്ഞു.

കാൻസർ ചികിത്സാ വിദഗ്ദ ഡോ. രാജ്യ നാരായണൻകുട്ടി മുഖ്യാതിഥി ആയിരുന്നു. അർബുദ രോഗബാധിതരുടെ വ്യാപ്തി ഓരോ വർഷവും ക്രമാതീതമായി വർദ്ധിക്കുകയാണ്. വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം, ജീവിത ശൈലി, വ്യായാമമില്ലായ്മ, ഫാസ്റ്റ് ഫുഡ് സംസ്കാരം തുടങ്ങിയവ അർബുദ രോഗബാധക്ക് പ്രധാന കാരണങ്ങളാണെന്ന് ഡോ. രാജ്യ പറഞ്ഞു. കഴിഞ്ഞ പതിനാറ് വർഷങ്ങളായി ഇടവക നടപ്പാക്കി വരുന്ന തണൽ ജീവകാരുണ്യ പദ്ധതിയിലൂടെ ഹൃദയ ശസ്ത്രക്രിയ, വിവാഹം, ഭവനനിർമ്മാണം, വൃക്ക രോഗികൾക്കുള്ള ചികിത്സാ സഹായം തുടങ്ങിയ വിവിധ പദ്ധതികളിലൂടെ നിരവധി പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ചടങ്ങിൽ സഭാ മാനേജിംഗ് കമ്മറ്റി അംഗവും സംരംഭകനുമായ ഡോ. ഗീവർഗീസ് യോഹന്നാനിൽ നിന്ന് ചികിത്സാ സഹായ പദ്ധതിയിലേക്കുള്ള ആദ്യ തുക സ്വീകരിച്ചു.

ഇടവക ട്രസ്റ്റി സാബു കോശി, കോ ട്രസ്റ്റി കോശി എം. തരകൻ, ആക്ടിംഗ് സെക്രട്ടറി ബിജു ജോർജ്, തണൽ കൺവീനർ ജിജി തോമസ് എന്നിവർ നേതൃത്വം നൽകി.

# ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ ക്വിസ്സ് മത്സരം 2021

ഇടവകയുടെ മുൻ മെത്രാപ്പോലീത്ത ഭാഗ്യസ്മരണാർഹനായ ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ സ്മരണാർത്ഥം മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക നടത്തി വരാറുള്ള ക്വിസ് മത്സരം 2021 ഒക്ടോബർ 29 തീയതി കുർബ്ബാനയ്ക്ക്ശേഷം മഹാ ഇടവകയിൽ നടത്തപ്പെട്ടു.

ആറു ടീമുകൾ പങ്കെടുത്ത ആവേശകരമായ മത്സരത്തിൽ ശ്രീമതി. ജിൻസി ഏബ്രഹാം & ശ്രീമതി. റൂബി ഷാജി ഒന്നാം സ്ഥാനവും ശ്രീമതി. പ്രിൻസിമോൾ നൈനാൻ & ശ്രീമതി. ആഷാ മേരി ഏലിയാസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ക്വിസ്സ് മാസ്റ്റർ ഗാലാ സെൻറ് മേരിസ് ഓർത്തഡോക്സ് ഇടവക വികാരി ബഹുമാനപ്പെട്ട ഡെന്നിസ് അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മത്സരത്തിൽ ഇടവക വികാരി റവ. ഫാ. വർഗ്ഗീസ് റ്റിജു ഐപ്പ്, ഇടവക ഭരണ സമതി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. കൺവീനർമാരായ സജി ജോണും വർഗ്ഗിസ് കുരുവിള, എന്നിവർ നേതൃത്വം നൽകി.



## മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ




ചരിത്ര താളുകളിൽ തങ്ക ലിപികളാൽ എഴുതി ചേർക്കപ്പെട്ട സുദിനം. പൗരസത്യ കാതോലിക്കയുടെയും മലങ്കര മെത്രാപ്പോലീത്തയുടെയും പിൻഗാമിയെ തെരഞ്ഞെടുക്കാനുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പരുമലയിൽ 2021 ഒക്ടോബർ 14–നു ഓൺലൈൻ ആയി നടത്തപ്പെട്ടു.

അഹമ്മദാബാദ് ഭദ്രാസനത്തിലെ മസ്ക്കറ്റ്, ഗാല, സുഹാർ, സലാല എന്നീ ഇടവകകൾ ഉൾപ്പെട്ട ഗൾഫ് സോണലിന്റെ ഓൺലൈൻ സെന്റർ മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ ക്രമീകരിച്ചു.

## 39th Sunday School Anniversary

***"The child grew and became strong; he was full of wisdom and God's Blessing was upon him"*** (St. Luke:2.40)

The 39th Sunday School Anniversary for the Year 2020 was celebrated on September 3rd, 2021 on the virtual platform from 10.30 am onwards. The Chief Celebrant, H. G. Dr. Geevarghese Mar Yulios inaugurated the anniversary program and delivered the inaugural speech. The 39th Annual report-2020 was presented by the headmistress Mrs. Sara Roy. The meeting was presided by our Vicar Rev Fr P. O. Mathai and the felicitation messages were given by Hon. Trustee Mr. Sabu Koshy, Dr. Geevarghese Yohannan (Sabha Managing Committee Member), Mrs. Jessy Koshy (Teachers experience), Mr. John Thomas (Parents Representative), Miss Richa Sam (students experience), Mrs Sara Mereena Mathew welcomed the meeting and Mrs. Thankam Jacob thanks to all the dignitaries. Various programmes were performed by our students like skits, action songs, group songs with the support of the teachers. Church executives were presented the Anniversary programs Certificates and medals were distributed to the outgoing SSFC Xth and XIIth Batch of 2020 and also to all the Class Toppers.




## മർത്തമറിയം സമാജം കേന്ദ്ര മത്സരപരീക്ഷ വിജയികൾ




മർത്തമറിയം വനിതാ സമാജം കേന്ദ്ര മത്സര പരീക്ഷയിൽ സീനിയർ വിഭാഗത്തിൽ നമ്മുടെ ഇടവകയിലെ ശ്രീമതി. ജോളി കോശി ഭദ്രാസന തലത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകയിൽ നിന്നും സിനു കോശി, ജിൻസി എബ്രഹാം, റൂബി കുര്യൻ, റൂബി ഷാജി എന്നിവരും ഉന്നത വിജയം കരസ്ഥമാക്കി. മത്സരപരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഏവർക്കും അനുമോദനങ്ങൾ...

## എട്ടുനോമ്പാചരണവും സുവിശേഷ പ്രസംഗവും

വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുനാളിനോട് അനുബന്ധിച്ചുള്ള എട്ടുനോമ്പാചരണവും സുവിശേഷ പ്രസംഗവും 2021 സെപ്റ്റംബർ 1 മുതൽ 7 വരെ മസ്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മഹാഇടവകയിൽ ഓൺലൈനായി നടത്തപ്പെട്ടു. സെപ്റ്റംബർ 1 മുതൽ 7 വരെ എല്ലാ ദിവസവും വൈകിട്ട് 7.30 മുതൽ സന്ധ്യാ നമസ്കാരവും തുടർന്ന് സുവിശേഷ പ്രസംഗം ബാംഗ്ലൂർ ഭദ്രാസന മെത്രാപ്പോലീത്ത നി. വ. ദി. ശ്രീ. ഡോ. എബ്രഹാം മാർ സെറാഫിം തിരുമേനി സെപ്തംബർ ഒന്നാം തിയതിയും തുടർന്നുള്ള ദിവസങ്ങളിൽ റവ. ഫ. കോശി ഫിലിപ്പ് (നിരണം ഭദ്രാസനം), റവ. ഫാ. എൽദോ ഏലിയാസ് (സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനം) റവ. ഫാ. ഡോ. തോംസൺ റോബി (തുമ്പമൺ ഭദ്രാസനം), ശ്രീമതി മെർലിൻ മാത്യു (ചെങ്ങന്നൂർ) എന്നിവർ പ്രസംഗത്തിന് നേതൃത്വം നൽകി പെരുന്നാൾ ദിവസമായ സെപ്റ്റംബർ 7–ന് സന്ധ്യാ നമസ്കാരവും, വിശുദ്ധ കുർബ്ബാനയും, മദ്ധ്യസ്ഥ പ്രാർത്ഥനയും, ആശിർവാദവും നേർച്ച വിളമ്പും സെന്റ് തോമസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

## യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം നടത്തപ്പെട്ടു




യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം നടത്തപ്പെട്ടു. മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടത്തിയ പരിസ്ഥിതി ദിനാചരണ പരിപാടികൾ ജൂൺ 11–ാം തീയതിയിൽ മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി. ഇടവക വികാരി ഫാ. പി. ഓ. മത്തായി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇടവക ട്രസ്റ്റി സാബു കോശി, മലങ്കര സഭാ മാനേജിംഗ് കമ്മറ്റി അംഗം ഡോ. ഗീവർഗീസ് യോഹന്നാൻ, ഒമാൻ സോണൽ കോർഡിനേറ്റർ ബിജു ജോൺ കൊന്നപ്പാറ എന്നിവർ ആശംസകൾ അർപ്പിച്ചു.

പരിപാടികളുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം അനാവരണം ചെയ്യുന്ന ഡോക്യുമെന്ററിയുടെ പ്രദർശനം, ചർച്ച് വളപ്പിൽ വൃക്ഷത്തൈ നടീൽ എന്നിവയും നടന്നു. ഭാരവാഹികളായ ബെൻസൻ സ്കറിയ, ബിജു ജോൺ തേവലക്കര, ലിബിൻ രാജു, വർഗീസ് അലക്സ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## MARTHA MARIYAM SAMAJAM

### OFFICE BEARERS 2021-2022

| | |
|---|---|
| President | Rev Fr. Varghese Tiju Iype |
| Secretary | Anu Wilson |
| Joint Secretary | Jeeba Varughese |
| Trustee | Annamma Varghese |
| Auditor | Jessy Koshy |

**Area Members**

| | |
|---|---|
| Seeb | Sinoby Sunu |
| Ghubrah | Rubi Shaji |
| Al Khuwair | Annamma Joykutti |
| Ruwi Church | Biji Jacob |
| Darsait | Cinu Koshy |
| Amerath | Shina Nidhin |
| Wadikabir | Jolly Koshy |

## YOUTH MOVEMENT

### OFFICE BEARERS 2021-2022

| | |
|---|---|
| President | Rev. Fr. Varghese Tiju Iype |
| Vice-president | Benson Skaria |
| Secretary | Biju John Thevalakara |
| Joint Secretary | Libin Raju |
| Treasurer | Varghse P Alex |

**Committee Members**

- Aju Thomas
- Abhilash Tharakan
- Anish Varghese
- Gijo Geevarghese
- Nikhil Philip

| | |
|---|---|
| Ex officio | Neby Thomas |
| Auditor | Biju George |

## യാത്രാ മംഗളങ്ങൾ...



കഴിഞ്ഞ മൂന്ന് വർഷക്കാലം മസ്കറ്റ് മാർ ഗ്രിഗോറിയോസ് മഹാ ഇടവകയുടെ വികാരിയായി ആദ്ധ്യാത്മിക ചൈതന്യം പകർന്ന് നൽകി, സുത്യർഹസേവനമനുഷ്ഠിച്ച് നാട്ടിലേക്ക് മടങ്ങിയ **റവ. ഫാ. പി. ഒ. മത്തായി അച്ചന്** ഇടവക ഭരണസമിതിയുടെയും ഇടവകാംഗങ്ങളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വിനെയാർഡ് പ്രസിദ്ധീകരണ കമ്മറ്റിയുടെയും നന്ദിയും യാത്രാ മംഗളങ്ങളും അർപ്പിക്കുന്നു...


## FAVOURS RECEIVED



Inserted by

**P. K. Koshy & Family**

Eden Villa, Mathoor P.O., Pathanamthitta

## പരിശുദ്ധ പരുമല തിരുമേനി

### ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!



Inserted by

**Prabin Mathew & Family**

Karamel Koyikel (H), Karikode P.O, Peruva, Kottayam

## CONDOLENCES



### Mr. GEORGE JOHN

(Hamariya West Area. Church ID : G 049)
Left for Heavenly abode on 12.05.2021
We share the grief of the bereaved family
and may God Almighty console them.

**MAY HIS SOUL REST IN PEACE**

Vicars, Managing Committee Members
and all Parish Members.

## CONDOLENCES



### Mr. SUNNY MATHEW

(MOD/Al Khoudh/Mobella Area. Church ID: S 457)
Left for Heavenly abode on 02.07.2021
We share the grief of the bereaved family
and may God Almighty console them.

**MAY HIS SOUL REST IN PEACE**

Vicars, Managing Committee Members
and all Parish Members.

## CONDOLENCES



### Mrs. JASMINE KURIAKOSE

W/o Mr.Shaji Abraham
( Al Khuwair/Bausher Area. Church ID: S 403)
Left for Heavenly abode on 19.08.2021
We share the grief of the bereaved family
and may God Almighty console them.

**MAY HIS SOUL REST IN PEACE**

Vicars, Managing Committee Members
and all Parish Members.

## CONDOLENCES



### Mrs. MARYKKUTTY BABU

Wife of Mr. Babu K O
(MOD/Al Khoudh/Mobella Area. Church ID: B 178)
Left for Heavenly abode on 20.09.2021
We share the grief of the bereaved family
and may God Almighty console them.

**MAY HIS SOUL REST IN PEACE**

Vicars, Managing Committee Members
and all Parish Members.

Late Lamented

**H.G.Dr. Zachariah Mar Theophilos Metropolitan**



**ഭാഗ്യ സ്മരണാർഹനായ**

**ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനി**

1952 - 2017

**വന്ദ്യപിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ.**

**Inserted by:**

**Kodiat Family – Trivandrum & Muscat**

# FAVOURS RECEIVED



## PHILIPOSE MAR DIONYSIUS
## (CHEPPAD THIRUMENI)

**Malankara Metrapolitan 1825 - 1855**

**Inserted by**

**M.O. Varghese & Family, Muscat**

PUBLISHED & OWNED BY

**MAR GREGORIOS ORTHODOX MAHA EDAVAKA**

P. O. Box 984, P.C. 100, Muscat, Sultanate of Oman, Tel: +968-2470 2606, Fax: +968-2479 0811

e-mail: mgomevineyard@gmail.com • www.mgomemuscat.com/vineyard

STRICTLY FOR PRIVATE CIRCULATION ONLY